# അഹ്മദിയ്യാ ഖിലാഫത്ത്
# ഒരവലോകനം

**Ahmadiyya Khilafath- Oru Avalokanam**
(Malayalam)

Author :
Muhammad Umar H.A

Cover Design & Printed at:
BRB Offset, Thavakkara, Kannur- 17

Published by :
Islam International Publications, Kerala

Distributors by :
Islam International Publications, Kerala

Copies:
2000

I[st] Edition : 2007 November

Price: 20/-

IIPK/13

# അഹ്മദിയ്യാ ഖിലാഫത്ത്
# ഒരവലോകനം

മുഹമ്മദ് ഉമർ. എച്ച്.എ.

പ്രസാധകർ
ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള
ഫോർട്ട് റോഡ്, കണ്ണൂർ- 670 001

# പ്രസാധകക്കുറിപ്പ്

ഇസ്‌ലാമിലെ വളരെ ഗൗരവതരവും എന്നാൽ, ഇക്കാലത്തെ ഭൂരിപക്ഷ മുസ്‌ലിംകൾക്ക് നഷ്ടപ്പെട്ടതുമായ ഒരു വിഷയമാണ് ഖിലാഫത്ത്. അല്ലാഹു വിശുദ്ധഖുർആനിലൂടെ സത്യവിശ്വാസികളോട് ചെയ്ത വാഗ്ദാനമനുസരിച്ച് നബി(സ) തിരുമേനിയുടെ ദേഹവിയോഗത്തിനുശേഷം സയ്യിദുനാ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)നെ ഖലീഫയായി നിയോഗിച്ചു. തുടർന്ന് ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ, ഹദ്റത്ത് അലി(റ. ഹും) തുടങ്ങിയവർ ഖലീഫമാരായി. ഇവരുടെ കാലഘട്ടം 'ഖിലാഫത്തെ റാശിദ' എന്ന പേരിലറിയപ്പെടുന്നു.

തുടർന്ന് നബി(സ) തിരുമേനിയുടെ പ്രവചനപ്രകാരംതന്നെ, ഖിലാഫത്തിന് വ്യതിയാനമുണ്ടായി. സ്വേച്ഛാധിപതികളും ബലാൽക്കാരപൂർവ്വം ഭരണം നടത്തുന്നവരുമെല്ലാം ഖിലാഫത്ത് സ്ഥാനത്ത് വരുമെന്നുള്ള നബി(സ)യുടെ പ്രവചനമനുസരിച്ചുതന്നെയാണ് അങ്ങനെ സംഭവിച്ചത്. 1924-ൽ നാമമാത്രമായിരുന്നെങ്കിലും ആ ഖിലാഫത്ത് പരമ്പര പൂർണ്ണമായും ഇല്ലാതായി. ഹുദൈഫാ(റ) നിവേദനം ചെയ്തിട്ടുള്ള പ്രസ്തുത ഹദീഥിന്റെ അന്ത്യത്തിൽ, അവസാനകാലത്ത് പ്രവാചകസരണിയിലൂടെ ചരിക്കുന്ന ഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെടുമെന്നുള്ള പ്രവചനവും കാണാം. അത് വാഗ്ദത്ത മഹ്ദി മസീഹിന്റെ കാലഘട്ടമാണെന്ന് മഹാത്മാക്കൾ വിശദീകരിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവചനത്തിന്റെ സാക്ഷാത്ക്കാരമായി അല്ലാഹു തആല വാഗ്ദത്ത മഹ്ദി മസീഹിനെ മുസ്‌ലിം ഉമ്മത്തിന്റെ സംരക്ഷണത്തിനായി നിയോഗിച്ചു. 1835-ൽ പഞ്ചാബിലെ ഖാദിയാനിൽ ഭൂജാതനായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)



ആണ് 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ആഗതരായ മഹ്ദി മസീഹ്(അ). 1889-ൽ അദ്ദേഹം സ്വശിഷ്യത്വത്തിലേക്ക് അല്ലാഹുവിന്റെ കല്പനയാൽ ആളുകളെ സ്വീകരിച്ചുതുടങ്ങി. 1908 മെയ് 26-ന് അദ്ദേഹത്തിന്റെ ദേഹവിയോഗമുണ്ടായി. 27-ന് നബി(സ)യുടെ പ്രവചനത്തിന്റെ പുലർച്ചയെന്നോണം വീണ്ടും നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തിന് തുടക്കം കുറിച്ചു. മഹ്ദി മസീഹിന്റെ അഞ്ചാമത്തെ ഖിലാഫത്താണ് ഇപ്പോൾ നിലവിലുള്ളത്.

ഇസ്‌ലാമിന്റെ ആദ്യകാലത്ത് ഖിലാഫത്തിലൂടെ അതിന് വൻമുന്നേറ്റമുണ്ടായതുപോലെ ഇക്കാലത്തും ഖിലാഫത്ത് മുഖേന ലോകത്ത് ഇസ്‌ലാമിന് വൻമുന്നേറ്റമുണ്ടായിക്കൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെക്കുറിച്ച് അല്പമെങ്കിലും മനസ്സിലാക്കിയിട്ടുള്ളവർക്ക് ഇത് ബോധ്യമാകുന്നതാണ്. ലോകത്തിലെ 189 രാഷ്ട്രങ്ങളിൽ ഒരേയൊരു ഖലീഫയുടെ കീഴിൽ സമാധാനത്തോടും ശാന്തിയോടും കൂടി ഇസ്‌ലാമിക പ്രചാരണം നടത്തിവരുന്ന ഒരേയൊരു ജമാഅത്ത് വാഗ്ദാത്ത മസീഹിനാൽ സ്ഥാപിതമായ ഈ ജമാഅത്താണ്.

നാസിർ ഇസ്‌ലാഹോ ഇർശാദ്, ഖാദിയാൻ, മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ രചിച്ച ഈ ചെറുഗ്രന്ഥം സന്മനസ്സുകൾക്ക് സന്മാർഗ്ഗത്തിന് കാരണമായിത്തീരട്ടെയെന്ന പ്രാർത്ഥനയോടെ അനുവാചകർക്കായി സമർപ്പിച്ചുകൊള്ളുന്നു.

സദ്ർ
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്
കേരള

بسم الله الرحمن الرحيم

# അഹ്മദിയ്യാ ഖിലാഫത്ത് ഒരവലോകനം

**മ**നുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം അല്ലാഹുവിനെ തിരിച്ചറിയുകയും, അവനെ ആരാധിക്കുകയും, അവനുമായി സജീവ ബന്ധം സ്ഥാപിക്കുകയും ചെയ്യുക എന്നുള്ളതാണെന്ന് വിശുദ്ധഖുർആൻ അരുൾചെയ്യുന്നു. ഈ ഉദ്ദേശ്യ സാഫല്യത്തിന്നായി അല്ലാഹു ഓരോ കാലത്തും തന്റെ ദൂതന്മാരേയും പ്രവാചകന്മാരേയും അയച്ചുകൊണ്ടിരുന്നു.

അല്ലാഹു ആദ്യമായി ഹദ്റത്ത് ആദം(അ)നെ തന്റെ പ്രതിനിധിയായി ഭൂമിയിൽ അയച്ചു (വിശുദ്ധഖുർആൻ, 2:31). അദ്ദേഹംതൊട്ട് ഖാത്തമുന്നബിയിൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിവരെ ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാരെ അല്ലാഹു അയച്ചുവെന്ന് ഹദീഥ് ഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നു. ഈ പ്രവാചകന്മാരെല്ലാം അവതീർണ്ണരാ



യത് ലോകത്ത് ആത്മീയപരിവർത്തനം വരുത്തുന്നതിന്നായിട്ടാണ്. അതിനായി ബാഹ്യമായരീതിയിലും ഒരു സുശക്തമായ സംവിധാനത്തിന്റെ ആവശ്യകതയുണ്ട്. എന്നാൽ, പ്രവാചകന്മാരും മനുഷ്യരായതുകൊണ്ട് അവരുടെ ആയുസ്സും പരിമിതമാണ്. അതുകൊണ്ട് അല്ലാഹു പ്രവാചകന്മാർ മുഖേന തന്റെ ഉദ്ദേശ്യസാഫല്യത്തിന്നായി ബീജാവാപം ചെയ്യുകയും അതിനെ പുഷ്ക്കലമാക്കുന്നതിനും പച്ച പിടിപ്പിക്കുന്നതിനുമായി പ്രവാചകന്മാരുടെ വിയോഗാനന്തരം അവരുടെ ജമാഅത്തിലുള്ള സാത്ത്വികരും ദൈവഭക്തരുമായ അംഗങ്ങൾ, ആ പ്രവാചകന്മാരുടെ പ്രതിനിധികളെ ഒന്നിനുപിറകെ മറ്റൊന്നായി തിരഞ്ഞെടുക്കുകയും ചെയ്യുന്നു. ഈ പ്രതിനിധികൾ ഇസ്‌ലാമിക സാങ്കേതിക പ്രയോഗമനുസരിച്ച് ഖലീഫ എന്നു പറയപ്പെടുന്നു. ഈ സംവിധാനം പണ്ടുകാലം മുതല്ക്കേ ഓരോ പ്രവാചകനു ശേഷവും നിലനിന്നുപോന്നിട്ടുണ്ട്. ഉദാഹരണമായി ഹദ്റത്ത് മൂസാനബിക്കുശേഷം യോശയാവും ഹദ്റത്ത് ഈസാനബിക്കുശേഷം പത്രോസും തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. അതേപ്രകാരം ഹദ്റത്ത് മുഹമ്മദ് നബി(സ)നുശേഷം അദ്ദേഹത്തിന്റെ ഖലീഫയായി ഹദ്റത്ത് അബൂബക്കർ(റ) തിരഞ്ഞെടുക്കപ്പെട്ടു. ഇതുസംബന്ധിച്ച് ഹദ്റത്ത് റസൂൽ കരീം(സ) അരുൾചെയ്യുന്നു.

"مَا كَانَتْ نُبُوَّةٌ قَطُّ إِلَّا تَبِعَتْهَا خِلَافَةٌ"

(کنز العمال الفصل الاول فی بعض خصائص الانبیاء حدیث نمبر ٣٢٢۴)

***മാകാനത്ത് നുബുവ്വത്തുൻ ഖത്തു ഇല്ലാ തബിഅത്ത്ഹാ ഖിലാഫത്തുൻ***

അതായത്, ഓരോ നുബുവ്വത്തിനേയും അനുഗമിച്ചുകൊണ്ട് ഖിലാഫത്തുണ്ടാകുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ മുഹമ്മദീ ഉമ്മത്തിൽ ഖിലാ

ഫത്തുണ്ടാകുമെന്ന് ശാശ്വതമായ വാഗ്ദാനം നല്കിയിരിക്കുന്നു. ഇത് സംബന്ധിച്ച് അല്ലാഹു അരുൾ ചെയ്യുന്നു.

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ
لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ
وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْ
بَعْدِ خَوْفِهِمْ اَمْنًا ط يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْئًا ط وَمَنْ
كَفَرَ بَعْدَ ذٰلِكَ فَاُولٰئِكَ هُمُ الْفٰسِقُوْنَ O (النور:٥٦)

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു (24:66). പ്രസ്തുത ആയത്തിൽനിന്ന് വളരെ വ്യക്തമായ നിലയിൽ മനസ്സിലാകുന്നത് ഖിലാഫത്ത് മഹത്തായൊരു ദൈവികാനുഗ്രഹവും ദൈവികമായ വാഗ്ദാനവും ആണെന്നാണ്. ഏതുവരെ സമുദായത്തിൽ സത്യവിശ്വാസവും സൽക്കർമ്മങ്ങളും നിലനില്ക്കുമോ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഖിലാഫത്ത് നിലനിറുത്തുന്നതാണെന്നിവിടെ വ്യക്തമാക്കുന്നു.

ഈ ദൈവികവാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് നബി കരീം(സ) തന്റെ ശേഷം തന്റെ ഉമ്മത്തിൽ ഉണ്ടാകാനിരിക്കുന്ന സംഭവ വികാസങ്ങളെക്കുറിച്ച് ഇപ്രകാരം പ്രവചിക്കുന്നു.



عَنْ حُذَيْفَةَ قَالَ قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ
وَسَلَّمَ تَكُوْنُ النُّبُوَّةُ فِيْكُمْ مَاشَاءَ اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا
اللّٰهُ تَعَالٰى ثُمَّ تَكُوْنُ خِلَافَةٌ عَلٰى مِنْهَاجِ النُّبُوَّةِ مَاشَاءَ اللّٰهُ
اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ مُلْكًا عَاضًّا
فَتَكُوْنُ مَاشَاءَ اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ
تَكُوْنُ مُلْكًا جَبْرِيَّةً فَيَكُوْنُ مَاشَاءَ اللّٰهُ اَنْ يَكُوْنَ ثُمَّ يَرْفَعُهَا
اللّٰهُ تَعَالٰى ثُمَّ تَكُوْنُ خِلَافَةٌ عَلٰى مِنْهَاجِ النُّبُوَّةِ ثُمَّ
سَكَتَ۔

(مسند احمد صفحہ ۳۷۳، مشکوٰۃ کتاب الرقاق باب الانذار والتحذیر)

നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നതുവരെ നുബുവ്വത്ത് നിലനില്ക്കുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുകയാണെങ്കിൽ അതിനെ എടുത്തുകളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവൻ ഇച്ഛിക്കുന്നതുവരെ അത് നിലനില്ക്കും. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് പരുക്കൻ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനില്ക്കും. അതിനുശേഷം അത് എടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനില്ക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തുകളയും. അതിനുശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. ഇതിനുശേഷം തിരുന

ബി(സ) മൗനമവലംബിച്ചു. അതായത് അതിനുശേഷമുണ്ടാകുന്ന ഒരു പരിവർത്തനത്തെക്കുറിച്ചും തിരുമേനി ഒന്നുംതന്നെ അരുൾചെയ്തില്ല. ഇതിൽനിന്നും ഈ ***ഖിലാഫത്തുൻ അലാ മിൻ ഹാജിന്നുബുവ്വത്ത്*** അവസാനനാൾവരെ നിലനില്ക്കുന്നതാണെന്ന് മനസ്സിലാകുന്നു.

ഹദ്റത്ത് റസൂൽ തിരുമേനിയുടെ പ്രസ്തുത പ്രവചനം പരിപൂർണ്ണമായും പുലരുകയുണ്ടായി. റസൂൽ തിരുമേനിക്കുശേഷം വന്ന ***ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തി***നുശേഷം ഇസ്ലാമിക ഖിലാഫത്തിന് വ്യതിയാനം വന്നു. ആധ്യാത്മിക പ്രഭാവിതമായ ഖുലഫാഉർറാശിദീനുശേഷം ഉമവിയ്യ, അബ്ബാസിയാ ഉസ്മാനിയ മുതലായ രാജപരമ്പരകൾ തുടർന്നുവന്നു. ഈ രൂപമാറ്റം ഖിലാഫത്തിന്നുണ്ടായെങ്കിലും മുസ്ലിം ലോകത്തെ ഒരു ഉമ്മത്ത് എന്ന നിലയിൽ ഉദ്ഗ്രഥിച്ചു നിറുത്തിയത് ഈ ഖിലാഫത്തായിരുന്നു. എന്നാൽ, ഹിജ്റ വർഷം 656 –ൽ ഹലാക്കൂഖാൻ ഖിലാഫത്തിന്റെ ആസ്ഥാനമായ ബാഗ്ദാദ് ആക്രമിച്ചു നശിപ്പിച്ചതോടെ ബാഹ്യമായ ഈ ഖിലാഫത്തും അവസാനിച്ചു. എന്നു മാത്രമല്ല, തുർക്കി ആസ്ഥാനമായുള്ള ഖിലാഫത്തിനെ നശിപ്പിക്കുന്നതിൽ അറബികൾക്കുള്ള പങ്ക് നിർണ്ണായകമായിരുന്നു.

പാക്കിസ്ഥാനിൽനിന്ന് പുറപ്പെടുന്ന അഹ്ലുസ്സുന്നത്ത് വൽജമാഅത്തിന്റെ ജിഹ്വയായ ജിദ്ദോജുഹ്ദ് എന്ന പത്രമാസിക എഴുതുന്നു:

"മുസ്ലിം നേതാക്കൾ തങ്ങളുടെ സ്വാർത്ഥലാഭത്തിനുവേണ്ടി ചെയ്ത ഏറ്റവും വലിയ ദ്രോഹം നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് വ്യവസ്ഥിതി അവസാനിപ്പിച്ചു നിർവൃതിയടഞ്ഞു എന്നുള്ളതാണ്. അങ്ങനെ അവർ മുസ്ലിം സമുദായത്തെ ഇടയനില്ലാത്ത ആട്ടിൻപറ്റത്തെപ്പോലെ ഉദരപൂരണത്തിന്നായി വനാന്തരങ്ങളിലേക്ക് കെട്ടഴിച്ചുവിടുകയുണ്ടായി. മുസ്ലിം സമുദായത്തെ ചിന്നിച്ചിതറിക്കിടക്കുന്ന ഈ അവസ്ഥയിൽനിന്ന് സംരക്ഷിക്കുവാൻ ഒരേയൊരു നേതൃത്വത്തിന്റേയും കേന്ദ്രത്തിന്റേയും കീഴിൽ ഒരേയൊരു ലക്ഷ്യപ്രാപ്തിക്കായി ഒരുമിച്ചുകൂട്ടുവാനും അങ്ങനെ സുശക്തമായ ഒരാഗോള വ്യവസ്ഥിതി കെട്ടിപ്പടുക്കുവാനും ഖിലാഫത്ത് വ്യവസ്ഥിതിക്ക് മാത്രമേ സാധ്യമാവുകയുള്ളൂ. എന്നാൽ, പരിതാപകരമെന്നു പറയട്ടെ, സമുന്നതമായ ഇസ്ലാമികമൂല്യങ്ങളുണ്ടായിട്ടും മുസ്ലിംകൾ ഖിലാഫത്ത് എന്ന വസ്ത്രം പിച്ചിച്ചീന്തുകയും അങ്ങനെ ഉമ്മത്തിന്റെ സുസംഘടിതാവസ്ഥയെ തങ്ങളുടെ കൈകൾ കൊണ്ടുതന്നെ ഛിന്നഭിന്നമാക്കുകയും ചെയ്തു. ഇന്ന് ഇസ്മായീലിഫിർഖയും അഹ്മദിയ്യാ ജമാഅത്തും മാത്രമാണ് ***ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്താൽ*** അധിഷ്ഠിതമായിട്ടുള്ളത്. (ഇസ്മായീലിഫിർഖ തങ്ങളുടെ നാമമാത്രമായ നേതൃത്വത്തിന്നെതിരായി ഇപ്പോൾ തിരിഞ്ഞിരിക്കുകയാണ്) എന്നാൽ, ലോകത്തെങ്ങും വ്യാപിച്ചിരിക്കുന്ന ഭൂരിപക്ഷീയരായ മുസ്ലിംകൾക്ക് ഇസ്ലാമിക ഖിലാഫത്ത് സ്ഥാപിക്കുവാൻ സാധിക്കുകയില്ലേ?" (ജിദ്ദൊജുഹ്ദ് ലാഹോർ, ഡിസംബർ 1960)

ഇല്ല, ഒരിക്കലും സാധ്യമല്ല. കാരണം ഖിലാഫത്തിന്റെ സ്ഥാപനത്തിന് മുമ്പേ നുബുവ്വത്തുണ്ടാകേണ്ടത് അത്യാവശ്യമാണ്. കാരണം ഓരോ ഖിലാഫത്തിനും മുമ്പേ നുബുവ്വത്ത് അത്യാവശ്യമാണെന്ന നബിവാക്യം ഉദ്ധരിക്കുകയുണ്ടായല്ലോ.

മുസ്ലിം സമുദായത്തിൽ നഷ്ടപ്പെട്ടുപോയ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കുന്നതിനുവേണ്ടി പതിറ്റാണ്ടുകളായി മുസ്ലിം സംഘടനകളും മുസ്ലിം ഭരണകൂടങ്ങളും ചെയ്ത ഭഗീരഥപ്രയത്നങ്ങളുടെ പരാജയം ഒരു യാഥാർത്ഥ്യം മാത്രമാണ്– ഈജിപ്തിൽവെച്ചുനടന്ന ഒരു ഉച്ചകോടി സമ്മേളനത്തിൽ മുസ്ലിം നേതാക്കളെടുത്ത തീരുമാനം ശ്രദ്ധേയമാണ്. അതായത്, ഇന്നത്തെ മുസ്ലിംകളുടെ അവസ്ഥവച്ചുനോക്കുമ്പോൾ ഇസ്ലാമിക ന്യായപ്രമാണമനുസരിച്ചുള്ള ഖിലാഫത്ത് അതിന്റെ എല്ലാ നിബന്ധനകളോടുംകൂടി സ്ഥാപിക്കുക എന്നത് അസാധ്യവും അസംഭാവ്യവുമാണെന്ന് അൽമനാർ എന്ന അറബി പത്രം പ്രസ്താവിക്കുകയുണ്ടായി.

ഒരാഗോള നേതൃത്വമില്ലായ്മയുടെ ഫലമായി ഇന്ന് ഭൂമുഖത്ത് മുസ്ലിംകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങ

ളേയും അപകടകരമായ പ്രതിസന്ധികളേയും കുറിച്ച് വിലപിച്ചുകൊണ്ട് ജനാബ് കക്കാട് മുഹമ്മദുഫൈസി എന്ന പണ്ഡിതൻ 'ഇമാം മഹ്ദിയുടെ ആഗമം' എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു.

"ഉസ്മാനിയാ ഖിലാഫത്തിന്റെ പതനത്തിനുശേഷം ലോകതലത്തിൽ ഭരണപരമായ ഒരു പ്രതീക്ഷയും ഇസ്ലാമിക സമൂഹത്തിന്നുണ്ടായിട്ടില്ല. ആഗോളതലത്തിൽ ഭൗതികമോ ആത്മീയമോ ആയ ഒരു നേതൃത്വമില്ലായ്മയുടെ ദുരിതാനുഭവങ്ങൾ കുറച്ചൊന്നുമല്ല നാം അനുഭവിച്ചത്. അനുയോജ്യമായ നേതൃത്വം, ഇസ്ലാമിക ഭരണസ്വാധീനം, ഐക്യം, സമരോത്സുകത, ആത്മീയപരിശുദ്ധി, വിദ്യാഭ്യാസമേന്മ എന്നിങ്ങനെ വിജയകാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന സർവ്വമാന സദ്ഗുണങ്ങളും കൈമോശം വന്നിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞുപോയി.

"അവഹേളിക്കപ്പെടുവാനും ആക്രമിക്കപ്പെടുവാനും ഭരിക്കപ്പെടുവാനും നിയന്ത്രിക്കപ്പെടുവാനും മാത്രം വിധിക്കപ്പെട്ട ശോചനീയമായ സമകാലീന ദുരവസ്ഥകൾ എന്തുമാത്രം വേദനിപ്പിക്കുന്നതല്ല.

"പലസ്തീൻ, കാശ്മീർ, ചെച്നിയ, ഹർസിക്, അഫ്ഗാനിസ്ഥാൻ, ഇറാഖ് എന്നുവേണ്ട മുസ്ലിംകൾ അധിവസിക്കുന്നിടങ്ങളെല്ലാം പരീക്ഷണങ്ങളുടെ ഞെട്ടിപ്പിക്കുന്ന ദീനരോദന കഥകളല്ലാതെ സന്തോഷപ്പെട്ടത് കേൾക്കുവാൻ വല്ലതും പതിറ്റാണ്ടുകളായി നമുക്ക് കഴിഞ്ഞിട്ടുണ്ടോ?

"ഈ സമുദായത്തിന്റെ സർവ്വതലരക്ഷയ്ക്ക് ഏറ്റവും അനിവാര്യമായിട്ടുള്ള സംഗതി, ആഗോളതലത്തിൽ ഭൗതികവും ആത്മീയവുമായി സമ്പൂർണ്ണ നേതൃത്വം വഹിക്കുന്ന ലക്ഷണമൊത്ത ഒരു നായകന്റെ സജീവ സാന്നിധ്യമാണ്. അല്ലാഹുവിന്റെ സവിശേഷ സഹായമുള്ള ഒരു ഇമാം ഉയിർത്തെഴുന്നേല്ക്കുകയാണ് എല്ലാറ്റിനും പരിഹാരം" (ഇമാം മഹ്ദിയുടെ ആഗമം, പേ-75, 77).

ജമാഅത്തെ ഇസ്ലാമി (കേരള)യുടെ ജിഹ്വയായ പ്രബോധനം വാരിക 'നേതൃത്വത്തിന്റെ അഭാവം' എന്ന ശീർഷകത്തിൽ എഴുതുന്നു.



"പ്രഗത്ഭമായ നേതൃത്വമാണ് രാഷ്ട്രങ്ങളേയും സമൂഹങ്ങളേയും വിജയത്തിലേക്ക് നയിക്കുന്നത്. ലോകചരിത്രം പരിശോധിച്ചാലും ഇസ്ലാമിക ചരിത്രം വിലയിരുത്തിയാലും മികച്ച നേതൃത്വംകൊണ്ട് അത്ഭുതകരമായ നേട്ടങ്ങളുണ്ടായതിന്റെ എത്രയോ ഉദാഹരണങ്ങൾ കണ്ടെത്താനാവും. ആളും അർത്ഥവും ഉണ്ടായിട്ടും പ്രാപ്തമായ നേതൃത്വത്തിന്റെ അഭാവം കൊണ്ടുമാത്രം പരാജയവും അധോഗതിയും അനുഭവിക്കേണ്ടിവന്ന സമൂഹങ്ങളും ചരിത്രത്തിന് അപരിചിതമല്ല. ഇന്ന് മുസ്ലിം സമൂഹം നേരിടുന്ന പ്രശ്നം പ്രഗത്ഭമായ നേതൃത്വത്തിന്റെ അഭാവം മാത്രമല്ല, നേതൃത്വപരമായ കഴിവുകളെ സംബന്ധിച്ച അവബോധത്തിന്റെ അഭാവം കൂടിയാണ്. ഈ കാലഘട്ടത്തിൽ സമൂഹത്തിന് പക്വവും പ്രാപ്തവുമായ നേതൃത്വം നല്കുന്ന വ്യക്തിക്ക് അഥവാ വ്യക്തികൾക്ക് എന്തൊക്കെ കഴിവുകളും ഗുണങ്ങളും അനിവാര്യമായിരിക്കേണം എന്നതിനെ സംബന്ധിച്ച് പ്രബുദ്ധരെന്നു കരുതുന്നവർക്ക് ഇടയിൽത്തന്നെ വ്യക്തമായ ധാരണയില്ല. നമ്മുടെ നാട്ടിൽ ഇപ്പോൾ നേതൃത്വം ഭിന്നതലങ്ങളിലായിട്ടാണ് നിലകൊള്ളുന്നത്. ചിലർ മതരംഗത്ത് നേതൃത്വം നല്കുന്നു. ഈ രംഗത്തുതന്നെ പലതരം നേതൃത്വങ്ങൾ ഉണ്ട്. പൊതുജനങ്ങളിൽനിന്നും അവകാശങ്ങൾ കണക്കുപറഞ്ഞ് വാങ്ങുകയും മതചടങ്ങുകൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്നതിൽ ഒതുങ്ങുന്നത് ഒരുതരം. മാസപ്പിറവി, വിവാഹം, വിവാഹമോചനം എന്നീ കാര്യങ്ങളിൽ മാത്രം നേതൃത്വം നല്കുന്നത് മറ്റൊരുതരം. ബർക്കത്തുകളുടേയും കുരുത്ത പൊരുത്തങ്ങളുടേയും വിതരണവും ശവകുടീരവ്യവസായവും നടത്തുന്ന നേതൃത്വം മറ്റൊരുതരം. ചുരുക്കത്തിൽ മുസ്ലിം സമൂഹത്തിന് ജീവിതത്തിന്റെ എല്ലാതലങ്ങളിലും സർവ്വതോന്മുഖവും സന്തുലിതവുമായ നേതൃത്വം നല്കുന്നതിന്റെ ആവശ്യകത ഒരു ചിന്താവിഷയമേ അല്ലാതായിരിക്കുകയാണ്" (പ്രബോധനം വാരിക, 23.6.1995).

ഇന്ന് മുസ്ലിം സമുദായത്തിന് ഏതുതരത്തിലുള്ള നേതൃത്വമാണ് ആവശ്യമായിട്ടുള്ളതെന്ന് പ്രസിദ്ധ പണ്ഡിതനും വിശുദ്ധഖുർആൻ വ്യാഖ്യാതാവും സാമുദായിക നേതാവുമായ മൗലാനാ അബുൽകലാം ആസാദ് എഴുതുന്നു:

“എല്ലാ മുസ്ലിംകളും ജ്ഞാനിയും കർമ്മനിരതനുമായ ഒരു മുസ്ലിമിൽ സുസംഘടിതരായിച്ചേരട്ടെ. അദ്ദേഹം നല്കുന്ന അധ്യാപനം പൂർണ്ണവിശ്വാസത്തോടും സത്യനിഷ്ഠയോടുംകൂടി സ്വീകരിക്കട്ടെ. വിശുദ്ധഖുർആന്റേയും നബിചര്യകളുടേയും അടിസ്ഥാനത്തിൽ അദ്ദേഹം നല്കുന്ന കല്പനകൾ ശങ്കാലേശമെന്യെ നടപ്പിലാക്കുകയും അനുസരിക്കുകയും ചെയ്യട്ടെ. അദ്ദേഹത്തിന്റെ നാവ് മാത്രം ചലിക്കട്ടെ. മറ്റുള്ളവരെല്ലാവരും തന്നെ ഊമകളായിരിക്കട്ടെ. അദ്ദേഹത്തിന്റെ മസ്തിഷ്കം മാത്രം ചിന്തിക്കട്ടെ. അദ്ദേഹത്തിന്റെ കല്പനകൾ സ്വീകരിക്കുന്ന ഹൃദയം മാത്രം അവരിൽ ഉണ്ടായിരിക്കട്ടെ. അങ്ങനെയാകുന്നില്ലെങ്കിൽ നിങ്ങൾ മൃഗങ്ങളുടെ കൂട്ടം പോലെയുള്ളവരായിത്തീരുന്നതാണ്.

‘നിങ്ങൾ കല്ലിന്റേയും മണ്ണിന്റേയും കൂമ്പാരമായിരിക്കാം. എന്നാൽ, ഒരു പർവ്വതമായിത്തീരുന്നതല്ല. ജലത്തുള്ളികൾ ആയിരിക്കാം. എന്നാൽ, ഒരു സമുദ്രമാകുന്നതല്ല. എളുപ്പത്തിൽ പൊട്ടിക്കുവാൻ സാധിക്കുന്ന കണ്ണികളായിരിക്കാം. എന്നാൽ, വലിയ കപ്പലുകളെ കെട്ടിവലിക്കുന്ന ചങ്ങലയാകില്ല.’ (മസ്അലയെ ഖിലാഫത്ത്, ഭാ-314).

ഇന്ന് മുസ്ലിം സമുദായത്തിന് ഈ രീതിയിലുള്ള ഒരാഗോള നേതൃത്വത്തിന്റെ ആവശ്യമാണുള്ളത്. ഇത്തരത്തിലുള്ള ആത്മീയനേതൃത്വം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തിനു മാത്രമേ സംജാതമാവുകയുള്ളൂ. പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് പ്രസ്തുത ഖിലാഫത്ത് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് കാണപ്പെടുന്നത്. 189 രാഷ്ട്രങ്ങളിൽ വ്യാപിച്ചിരിക്കുന്ന ഇരുപത് കോടിയിലധികമുള്ള അഹ്മദികൾക്ക് ഇന്ന് ഒരേയൊരാഗോള നേതൃത്വമാണുള്ളത്. അനുസരണയോഗ്യനായ ആ നേതാവ് ഇന്ന് ലോകത്ത് വ്യാപിച്ചിരിക്കുന്ന കോടാനുകോടി



അഹ്മദികളുടെ ഹൃദയങ്ങളിൽ വസിക്കുന്നു.

ആമുഖമായി ഇത്രയും പ്രസ്താവിച്ചതിനുശേഷം അഹ്മദിയ്യാ ഖിലാഫത്തിന്റെ ആവിർഭാവത്തെക്കുറിച്ചും ആ ഖിലാഫത്തിൽ **സൂറത്തുന്നൂറിൽ** വിവരിക്കപ്പെട്ട സത്യവിശ്വാസികളും സൽക്കർമ്മികളുമായ മുസ്ലിംകളിൽ അല്ലാഹു സ്ഥാപിച്ച ഖിലാഫത്തിന്റെ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും എത്രകണ്ട് പൂർത്തിയായിരിക്കുന്നു എന്നതിനെക്കുറിച്ചും അല്പം വിശകലനം ചെയ്യാം.

വിശുദ്ധഖുർആന്റേയും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടേയും പ്രവചനങ്ങളും മുന്നറിയിപ്പുകളുമനുസരിച്ച് പ്രവചിക്കപ്പെട്ട കാലത്തും സമയത്തും മഹത്തായ അടയാളങ്ങളോടും ദൃഷ്ടാന്തങ്ങളോടും കൂടി വാഗ്ദത്ത മഹ്ദി മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) നിയോഗിതനായി. ആ മഹാത്മാവ് അല്ലാഹുവിന്റെ പേരിൽ ആണയിട്ടുകൊണ്ട് ഇപ്രകാരം പ്രഖ്യാപിച്ചു:

“സ്വഹീഹ് ബുഖാരിയിലും സ്വഹീഹ് മുസ്ലിമിലും ഇതര സ്വഹീഹായ ഹദീഥുകളിലും രേഖപ്പെട്ടു കിടക്കുന്നതനുസരിച്ച് വാഗ്ദത്ത മഹ്ദി മസീഹാണ് ഞാനെന്ന് ഏതൊരുവന്റെ സുശക്തമായ കരങ്ങളിലാണോ എന്റെ ജീവനിരിക്കുന്നത് അവന്റെ പേരിൽ ആണയിട്ടു ഞാൻ പറയുന്നു. അല്ലാഹു മതിയായ സാക്ഷിയാകുന്നു” (മൽഫൂസാത്ത്, വാല്യം -1, പേജ്- 313).

എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവുമായ ദിവ്യ വെളിപാടുകൾമൂലം അവന്റെ ഭാഗത്തുനിന്നുള്ള വാഗ്ദത്ത മഹ്ദിയും മസീഹും ആന്തരികവും ബാഹ്യവുമായ ഭിന്നിപ്പുകൾക്ക് തീർപ്പ് കല്പിക്കുന്ന ആളുമാണ് ഞാൻ എന്ന് അറിയിക്കപ്പെട്ടിരിക്കുന്നു (അർബയീൻ, നമ്പർ-1, പേജ്- 4).

വിശുദ്ധഖുർആന്റേയും നബിതിരുമേനി(സ)യുടേയും പ്രവചനങ്ങളെ സാത്ഥീകരിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദിയും മസീഹുമായി നിയോഗിതരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അഹ്മദിയ്യാ ജമാഅത്തിന് അസ്തിവാരമിടുകയും ‘ഫബാ

യിഊഹു' എന്ന കല്പനയനുസരിച്ച് ജമാഅത്തിൽ ചേരുന്നവരിൽനിന്ന് ബയ്അത്ത് വാങ്ങുകയും ചെയ്തു. ഇവിടെ ഒരുകാര്യം പ്രസ്താവ്യമാണ്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) താൻ വാഗ്ദത്ത മഹ്ദിയും മസീഹും മാത്രമല്ല, വിശുദ്ധഖുർആന്റേയും നബിവചനങ്ങളുടേയും അടിസ്ഥാനത്തിൽ മുഹമ്മദീ ഉമ്മത്തിൽ ആവിർഭവിച്ച ഉമ്മത്തിനബിയാണെന്നും വാദിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: "അല്ലാഹു ഹദ്റത്ത് റസൂൽ തിരുമേനി(സ) യുടെ ആത്മീയാനുഗ്രഹങ്ങളുടെ പരിപൂർണ്ണത സ്ഥാപിക്കുന്നതിന്നായി എനിക്കീ സ്ഥാനം തന്നനുഗ്രഹിച്ചു. അതായത്, ആ പുണ്യാത്മാവിന്റെ ഔദാര്യമാകുന്ന അനുഗ്രഹംകൊണ്ട് എന്നെ നുബുവ്വത്തിന്റെ സ്ഥാനത്തെത്തിച്ചു. അതുകൊണ്ട് ഞാൻ നബിയെന്നു മാത്രമല്ല, ഒരു വശത്ത് നബിയെന്നും ഒരു വശത്ത് ഉമ്മത്തിയെന്നും പറയപ്പെട്ടു. എന്റെ നുബുവ്വത്ത് നബികരീം(സ) യുടെ പ്രതിച്ഛായയാണ്. യഥാർത്ഥത്തിലുള്ളതല്ല. അതുകൊണ്ടാണ് ഹദീസിലും എനിക്കുണ്ടായ ദിവ്യവെളിപാടിലും എന്റെ നാമം നബിയെന്ന് വെച്ചതോടൊപ്പം എന്റെ നാമം ഉമ്മത്തിയെന്നും വെക്കുകയുണ്ടായത്. ഓരോ പരിപൂർണ്ണതയും എനിക്ക് റസൂൽതിരുമേനിയുടെ അനുധാവനത്തിലും ആ പുണ്യാത്മാവ് മുഖേനയുമാണ് ലഭ്യമായതെന്നറിയുന്നതിന്നാണിത്. (ഹഖീഖത്തുൽ വഹ്യ്, അടിക്കുറിപ്പ്, ഭാ–154).

നുബുവ്വത്തിനു ശേഷമുണ്ടാകുന്ന ഖിലാഫത്ത് അദ്ദേഹത്തിന്റെ കാലശേഷവും സംസ്ഥാപിതമായി. ഹദ്റത്ത് റസൂൽ തിരുമേനി(സ) പ്രവചിച്ചതായി മേൽപ്രസ്താവിച്ച തന്റെ ഉമ്മത്തിൽ അവസാനമായുണ്ടാകുന്ന ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്താണിത്. ഈ ഖിലാഫത്തിനെ ഇന്നും മുസ്‌ലിംകൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നത് വാസ്തവമാണ്.

സുപ്രസിദ്ധ പണ്ഡിതനായ മൗലാനാ അശ്ശയ്ഖ് യൂസുഫുൽ ബർളാവി 'പ്രബോധകന്റെ സംസ്കാരം' എന്ന തന്റെ ഗ്രന്ഥത്തിൽ 'തകൂനുന്നുബുവ്വത്തു ഫീക്കും' എന്ന ഹദീസ് ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു. "തിരുമേനി(സ) ഈ ഹദീസിൽ പ്രവചിച്ച ഖിലാഫത്തുർറാശിദയും, പരുക്കൻ രാജഭരണവും സ്വേച്ഛാധിപത്യവും എല്ലാം അക്ഷരംപ്രതി പിന്നീട് പുലരുകയുണ്ടായി. തിരുമേനി വാഗ്ദത്തം ചെയ്ത പ്രവാചകത്വ മാതൃകയിലുള്ള ഖിലാഫത്തേ ഇനി പുലരാൻ ബാക്കിയുള്ളൂ. ദൈവേച്ഛയാൽ അതും പുലരാതിരിക്കുകയില്ല. തീർച്ച. പക്ഷേ, അതിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടി പ്രവർത്തിക്കേണ്ടത് നമ്മുടെ ബാധ്യതയത്രെ." (പ്രബോധകന്റെ സംസ്കാരം, ഭാ–99)



ആ ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്ത് പുലർന്നുകഴിഞ്ഞിരിക്കുന്നു. അതിനിപ്പോൾ നൂറു വർഷം പൂർത്തിയാവുകയാണ്. എന്നാൽ, ആ ഖിലാഫത്തുമൂലം ആഗോളാടിസ്ഥാനത്തിൽ സംജാതമായിക്കൊണ്ടിരിക്കുന്ന അതിമഹത്തായ ആത്മീയവിപ്ലവം ഈ പണ്ഡിതന്മാർക്കും അവരുടെ അനുചരന്മാർക്കും കാണാൻ സാധിക്കാതെ പോയെന്നുമാത്രം.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 1905–ൽ രചിച്ച 'അൽവസിയ്യത്ത്' എന്ന ഗ്രന്ഥത്തിൽ തന്റെ വേർപാടിനെക്കുറിച്ചുള്ള നിരന്തരമായ ദിവ്യവെളിപാടുകൾ ജമാഅത്തിനെ അറിയിക്കുകയുണ്ടായി.

പ്രസ്തുത പുസ്തകത്തിൽ അദ്ദേഹം പറയുന്നു. "ഇത് അല്ലാഹുവിന്റെ സനാതനമായ നിയമമാകുന്നു. അവൻ മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചതുതൊട്ട് എപ്പോഴും ഈ നടപടിക്രമത്തെ വെളിപ്പെടുത്തിക്കൊണ്ടിരുന്നു. അതായത് അവൻ തന്റെ നബിമാരേയും റസൂൽമാരേയും സഹായിക്കുകയും അവർക്ക് വിജയം നല്കുകയും ചെയ്തുകൊണ്ടിരുന്നു. അവൻ അരുൾചെയ്യുന്നു. ''ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു (58:22). വിജയം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ദൂതന്മാരുടേയും, പ്രവാചകന്മാരുടേയും അഭീഷ്ടമനുസരിച്ച് ദൈവസ്നേഹം ഭൂമിയിൽ പൂർണ്ണമാക്കുകയും അതിനെ എതിരിടുവാൻ ആർക്കുംതന്നെ സാധ്യമല്ലാതായിരിക്കുകയുമാണ്. ഇപ്രകാരം അല്ലാഹുതആല സുശക്ത

മായ ദൃഷ്ടാന്തങ്ങൾ മുഖേന അവരുടെ സത്യത വെളിപ്പെടുത്തുന്നു. എന്നാൽ, അതിന്റെ പൂർത്തീകരണം അവരുടെതന്നെ കരങ്ങളാൽ നിർവഹിക്കപ്പെടുന്നില്ല. മറിച്ച്, ഈ പ്രസ്ഥാനം ബാഹ്യമായി പരാജയപ്പെടാൻ പോകുന്നുവെന്ന ഭയം നിലനില്ക്കെ അവൻ അവർക്ക് വഫാത്ത് നല്കുന്നു. ഇതിലൂടെ എതിരാളികൾക്ക് പരിഹാസവും അവഹേളനവും നിന്ദാവചനങ്ങളും ചൊരിയുന്നതിനുള്ള അവസരം ലഭിക്കുന്നു. അങ്ങനെ അവർ പരിഹാസവും അവഹേളനങ്ങളും ചെയ്തുകഴിഞ്ഞാൽ അവൻ തന്റെ ദിവ്യശക്തിയുടെ മറ്റൊരു കരം കാണിക്കുകയും തദ്വാരാ അപൂർണ്ണമാണെന്നു തോന്നിയിരുന്ന ആ ഉദ്ദേശ്യലക്ഷ്യങ്ങൾ അതിന്റെ പൂർണ്ണതയിലെത്തിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ അവൻ രണ്ടുവിധത്തിലുള്ള ശക്തിപ്രഭാവങ്ങളാണ് വെളിപ്പെടുത്തുന്നത്. ഒന്നാമതായി നബിമാരുടെ കൈകളിലൂടെ തന്റെ ദിവ്യശക്തിയുടെ ഹസ്തം പ്രകടമാക്കുന്നു. രണ്ടാമതായി നബിയുടെ വഫാത്തിനുശേഷം പല പ്രയാസങ്ങളും നേരിടേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജ്ജിക്കുകയും ഇപ്പോൾ ഈ പ്രവർത്തനങ്ങൾക്ക് ഭംഗം സംഭവിക്കുമെന്ന് കരുതപ്പെടുകയും ഈ ജമാഅത്ത് നാശമടയുന്നതാണെന്ന് ശത്രുക്കൾ ഉറപ്പാക്കുകയും ജമാഅത്തിലുള്ളവർതന്നെ അങ്കലാപ്പിലായിത്തീരുകയും അവരുടെ സ്ഥിരചിത്തതക്ക് ക്ഷയം സംഭവിക്കുകയും പല ഭാഗ്യദോഷികളും മതത്യാഗത്തിന്റെ വഴികൾ സ്വീകരിക്കുകയും ചെയ്യുന്ന ആ സന്ദർഭത്തിൽ അല്ലാഹു രണ്ടാം തവണയായി തന്റെ സുശക്തമായ ദിവ്യപ്രകാശം വെളിപ്പെടുത്തുകയും ആപതിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തിനെ പിടിച്ചു നിറുത്തുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ആരാണ് അവസാനംവരെ ക്ഷമ കൈക്കൊള്ളുന്നത് അവർ അല്ലാഹുവിന്റെ ഈ അത്ഭുതപ്രതിഭാസം ദർശിക്കുന്നതാണ്. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കാലത്ത് സംഭവിച്ചതുപോലെ- ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ വേർപാട് അനവസരത്തിലുള്ള വേർപാടാണെന്നു കരുതപ്പെടുകയും ധാരാളം ഗ്രാമവാസികളായ ബദ്‌വികൾ മുർത്തദ്ദാവുകയും സഹാബാക്കൾ വ്യസനാധിക്യത്താൽ ഉന്മാദരെപ്പോലെ ആയിത്തീരുകയും ചെയ്തപ്പോൾ അല്ലാഹുതആല ഹദ്റത്ത് അബൂബക്കർ(റ)നെ എഴുന്നേല്പിച്ചു. രണ്ടാമതും തന്റെ ശക്തി പ്രഭാവത്തിന്റെ മാതൃക കാണിച്ചു." (അൽവസിയ്യത്ത്, പേജ്-6,7)

വീണ്ടും അരുൾചെയ്യുന്നു: "അതുകൊണ്ട് അല്ലയോ പ്രിയമുള്ളവരേ, എതിരാളികളുടെ നിരർത്ഥകങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനായി അല്ലാഹു തന്റെ സനാതന നടപടിക്രമമനുസരിച്ച് രണ്ടുവിധ ദിവ്യശക്തി പ്രഭാവങ്ങൾ പ്രകടമാക്കുന്നു. അതുകൊണ്ട് ഇനി അല്ലാഹു തന്റെ ഈ സനാതന നടപടിക്രമത്തെ ഉപേക്ഷിച്ചുകളയുന്നത് സംഭാവ്യമല്ല. അതുകൊണ്ട് ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങൾകൊണ്ട് നിങ്ങൾ കുണ്ഠിതരും മനഃക്ലേശമുള്ളവരും ആയിത്തീരരുത്. കാരണം നിങ്ങൾ രണ്ടാമത്തെ ദിവ്യശക്തിപ്രഭാവം ദർശിക്കേണ്ടതും അത്യാവശ്യമാകുന്നു. അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾവരെ മുറിഞ്ഞുപോകാത്തതുമാകുന്നു. ഞാൻ പോകാതിരുന്നാൽ ആ ദ്വിതീയ ദിവ്യശക്തി വരുന്നതല്ല. എന്നാൽ, ഞാൻ പോയാൽ അല്ലാഹു നിങ്ങൾക്കുവേണ്ടി ആ ദ്വിതീയ ദിവ്യശക്തി വെളിപ്പെടുത്തുന്നതാണ്. അത് എന്നെന്നും നിങ്ങളോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. (അൽവസിയ്യത്ത്, പേജ്-9)

ഇവിടെ ഹദ്റത്ത് മഹ്ദീ മസീഹ്(അ) പ്രസ്താവിച്ച പ്രഥമ ദിവ്യശക്തി പ്രഭാവംകൊണ്ട് നുബുവ്വത്തും ദ്വിതീയശക്തിപ്രഭാവംകൊണ്ട് ഖിലാഫത്തുമാണ് വിവക്ഷിതം എന്ന് വ്യക്തമാണ്.

തനിക്ക് ലഭിച്ച ദിവ്യവെളിപാടുകളനുസരിച്ച് വാഗ്ദത്ത മഹ്ദീ മസീഹായ ഹദ്റത്ത് അഹ്മദ്(അ) 1908 മെയ് 26-ാം തിയതി ദിവംഗതനായപ്പോൾ തൊട്ടടുത്ത ദിവസം മെയ് 27-ാം തിയതി ജമാഅത്ത് ഒന്നടങ്കം അദ്ദേഹത്തിന്റെ പ്രഥമശിഷ്യനും സുപ്രസിദ്ധപണ്ഡിതനും സർവ്വോപരി ഒരു ദൈവഭക്തനുമായ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ തൃക്കരങ്ങളിൽ ബയ്അത്ത് ചെയ്തു. ആറുവർഷത്തെ വിജയകരമായ

ഖിലാഫത്തിനുശേഷം അദ്ദേഹം 1914 മാർച്ച് 13–ാം തിയതി കാലഗതിയടയുകയും പിറ്റേന്ന് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് രണ്ടാം ഖലീഫത്തുൽ മസീഹായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 52 വർഷക്കാലത്തെ സുദീർഘവും സംഭവബഹുലവും വിജയസമ്പൂർണ്ണവുമായ ഖിലാഫത്തിനുശേഷം അദ്ദേഹം 1965 നവംബർ 7–ാം തിയതി വഫാത്തായി. പിറ്റേന്ന് ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബിന്റെ കൈയിൽ ജമാഅത്ത് സുസംഘടിതമായി ബയ്അത്ത് ചെയ്തു. 17 വർഷത്തെ വിജയപ്രദമായ ഖിലാഫത്തിനുശേഷം 1982 ജൂൺ 9–ാം തിയതി അദ്ദേഹം വഫാത്താവുകയും അടുത്തദിവസം ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് നാലാം ഖലീഫത്തുൽ മസീഹായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 22 വർഷക്കാലത്തെ വിപ്ലവാത്മകമായ ഖിലാഫത്തിനുശേഷം 2003 ഏപ്രിൽ 19–ാം തിയതി അദ്ദേഹം വഫാത്താവുകയും അതിനുശേഷം ഏപ്രിൽ 22–ാം തിയതി ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ കൈകളിൽ ജമാഅത്ത് ബയ്അത്ത് ചെയ്യുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിന്റെ തൃക്കരങ്ങളിൽ 189 രാഷ്ട്രങ്ങളിലുള്ള 20 കോടിയിലധികം വരുന്ന അഹ്മദികൾ ബയ്അത്ത് ചെയ്ത് വീണ്ടും സുസംഘടിതരായിത്തീർന്നു.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്) ഖിലാഫത്തിന്റെ ആത്മീയപീഠത്തിൽ ഉപവിഷ്ഠനായതിനുശേഷം ലോകഅഹ്മദികൾക്ക് നല്കിയ സന്ദേശത്തിൽ പറയുന്നു:

“ദ്വിതീയ ശക്തിപ്രഭാവം (ഖിലാഫത്ത്) ഉണ്ടായിരുന്നില്ലെങ്കിൽ സത്യമതമായ ഇസ്ലാം ഒരിക്കലും പുരോഗതി പ്രാപിക്കുമായിരുന്നില്ല. അതുകൊണ്ട് ഈ ദിവ്യശക്തിയുമായി പരിപൂർണ്ണമായ അനുസരണത്തിന്റേയും സ്നേഹത്തിന്റേയും വിശ്വസ്തതയുടേയും വിശ്വാസത്തിന്റേയും ബന്ധം വെച്ചുപുലർത്തുക. ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ ആത്മീയാവേശം ശാശ്വതമായതാക്കിത്തീർക്കുക. മറ്റേതൊരു ബന്ധത്തിലും കാണപ്പെടാത്ത രീതിയിലുള്ള സ്നേഹബന്ധം ഖിലാഫത്തുമായി



വെച്ചുപുലർത്തുക. ഇമാമുമായുള്ള ബന്ധത്തിലാണ് എല്ലാ അനുഗ്രഹങ്ങളും നിലകൊള്ളുന്നത്. എല്ലാവിധ കുഴപ്പങ്ങളിൽനിന്നും പരീക്ഷണങ്ങളിൽനിന്നും നിങ്ങളെ തടുത്തുനിറുത്തുന്ന ഒരു പരിചയാണത്.” (അൽഫസ്ൽ ഇന്റർനാഷണൽ 23, മെയ് 2003).

ഈ അമൂല്യവും അസാധാരണവുമായ ആത്മീയബന്ധത്തിന്റേയും അനുസരണത്തിന്റേയും നിസ്തുല്യ മാതൃകക്ക് ഹുസൂർ തിരുമനസ്സിന്റെ തിരഞ്ഞെടുപ്പിനുശേഷം നടന്ന മഹത്തായ സംഭവം ഒരു മകുടോദാഹരണമാണ്.

2003 മെയ് 22–ാം തിയതി രാത്രിയിൽ ലണ്ടനിലെ മസ്ജിദ് ഫസ്ലിന്നു മുൻഭാഗത്തുള്ള വിശാലമായ അങ്കണത്തിൽ പതിനായിരക്കണക്കിൽ അഹ്മദീ സഹോദരന്മാർ അഞ്ചാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് പ്രഖ്യാപനം കേൾക്കുവാൻ ഉത്കണ്ഠാചിത്തരായിക്കൊണ്ട് നില്ക്കുകയുമായിരുന്നു. തിരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് മസ്ജിദ് ഫസ്ലിന്റെ അങ്കണത്തിൽ ആഗതനായി, അവിടെ കൂടിയിരുന്ന ഭക്തജനങ്ങളോട് ആപ് ലോഗ് ബൈഠ്ജായേൻ– നിങ്ങളെല്ലാരും ഇരിക്കുക എന്നുപറഞ്ഞു. ഈ ശബ്ദം കേട്ടതും അവിടെ കൂടിയിരുന്നവരെല്ലാം ആരുംതന്നെ എഴുന്നേറ്റിട്ടില്ല എന്നു തോന്നുമാറ് വേഗത്തിൽ അനുസരിച്ച ദൃശ്യം ലോകത്തെങ്ങുമുള്ള ലക്ഷക്കണക്കിൽ എം.ടി.എ പ്രേക്ഷകർ കോരിത്തരിപ്പോടെയാണ് കണ്ടത്.

ഈ കാഴ്ച കണ്ടുകൊണ്ടിരുന്ന ഒരു സ്ത്രീ ഹോളണ്ടിൽ നിന്ന് അൽഫസ്ൽ ഇന്റർനാഷണൽ എന്ന പത്രത്തിൽ ഇപ്രകാരമെഴുതുകയുണ്ടായി.

“22,23 തിയതികൾക്കിടയിലുള്ള രാത്രിയിൽ ഹൃദയാകർഷകമായിക്കണ്ട കാഴ്ചയുടെ ആനന്ദാനുഭൂതി അൽഫസ്ൽ ഇന്റർനേഷനലിന് ഈ കത്തെഴുതാൻ പ്രേരണ നല്കുകയുണ്ടായി. ഇതുപോലുള്ള ഒരു സംഭവം ഹദ്റത്ത് നബി കരീം(സ) തിരുമേനിയുടെ കാലത്തിൽ മാത്രമേ കാണാൻ സാധിച്ചിട്ടുള്ളൂ.

ഹദ്റത്ത് നബി കരീം(സ) മസ്ജിദുന്നബ്വിയിൽ ആരോടോ നിങ്ങൾ ഇരിക്കൂ എന്നു പറഞ്ഞു. അപ്പോൾ മസ്ജിദിലേക്കു നടന്നുവന്നുകൊണ്ടിരുന്ന ഒരു സ്വഹാബി ആ ശബ്ദം കേട്ട് പെട്ടെന്നിരുന്ന് അതേ അവസ്ഥയിൽ ഇഴഞ്ഞുകൊണ്ട് പള്ളിയിലേക്ക് പോയിക്കൊണ്ടിരുന്നു. ഇങ്ങനെ ഇഴഞ്ഞുപോകാനുള്ള കാരണമെന്താണെന്നന്വേഷിച്ച ഒരു വ്യക്തിയോട് താൻ ഹദ്റത്ത് നബികരീം(സ) തിരുമേനിയുടെ ഇരിക്കൂ എന്ന കല്പന കേട്ടത് കൊണ്ടിരുന്നതാണെന്ന് പറഞ്ഞു. ഈ കല്പന താങ്കളോടായിരിക്കുകയില്ലല്ലോ എന്നു പറഞ്ഞപ്പോൾ ആരോടാണ് നബിതിരുമേനി കല്പിച്ചതെന്നു തനിക്കറിയില്ലെങ്കിലും ഇരിക്കൂ എന്ന തിരുനബി(സ)യുടെ ശബ്ദം കേട്ടതും അതനുസരിക്കേണ്ടുന്ന ബാധ്യത തനിക്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇന്ന് ആയിരത്തിയഞ്ഞൂറ് വർഷങ്ങൾക്കുശേഷം അനുസരണത്തിന്റേയും അർപ്പണത്തിന്റേയും അതുപോലുള്ള കാഴ്ച കാണ്മാൻ എനിക്ക് സാധിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ 'ഇരിക്കൂ' എന്ന ശബ്ദം കേട്ടതും മസ്ജിദിന്നകത്തും ബയ്അത്തിന്നായി മസ്ജിദിനു പുറത്തും കാത്തുകൊണ്ടിരുന്ന പതിനായിരക്കണക്കിലുള്ള ജനങ്ങൾ അനുസരണബദ്ധരായിരുന്ന ദൃശ്യം എന്റെ ഹൃദയത്തിൽ അത്ഭുതകരമായ ഒരാത്മീയാനുഭൂതി ഉണ്ടാക്കി. ഈ ആനന്ദത്തിന്റേയും അനുഭൂതിയുടേയും അവസ്ഥ വാക്കുകളാൽ അളക്കുവാൻ സാധിക്കുന്നതല്ല. എന്റെ ഹൃദയത്തിൽ ആവർത്തിച്ചാവർത്തിച്ചുയർന്നുവരുന്ന ചോദ്യം അല്ലാഹു തന്റെ അനുഗ്രഹത്താൽ ഏതൊരു ജമാഅത്തിലെ അംഗങ്ങൾ അനുസരണത്തിന്റെ ഇത്തരത്തിലുള്ള മാതൃക കാണിക്കുന്നുവോ ആ ജമാഅത്തിനെ ആർക്കാണ് നശിപ്പിക്കുവാൻ സാധിക്കുക എന്നതാണ്. (അൽഫസ്ൽ ഇന്റർനാഷണൽ,16.5.03)

ഈ അത്ഭുതകാഴ്ച കണ്ട ഓരോ അഹ്മദിയുടേയും ഹൃദയത്തിലുണ്ടായ ആത്മീയാനുഭൂതി അവാച്യമായതായിരുന്നു. ഒരവസരത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറഞ്ഞവാക്കുകൾ ഇവിടെ സ്മർത്തവ്യമാണ്. അതായത് ഒരു ചെറുവിരലിന്റെ അനക്കത്തിൽ ഇരിക്കുകയും അതേ ചെറുവിരലിന്റെ അനക്ക



ത്തിൽ നില്ക്കുകയും ചെയ്യുന്ന ജമാഅത്തിനെ ലോകത്തുള്ള ഒരു ശക്തിക്കും നശിപ്പിക്കാൻ സാധിക്കുന്നതല്ല.

അതേ! ഈ നിസ്തുല്യമായ അനുസരണഭാവവും വിധേയത്വവും ഇന്ന് ലോകത്ത് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണപ്പെടുന്നുള്ളൂ. ഒരാത്മീയ നേതാവിനും അദ്ദേഹത്തിന്റെ അനുയായികൾക്കും ഉണ്ടായിരിക്കേണ്ടുന്ന ഗുണവിശേഷങ്ങളെക്കുറിച്ചുള്ള മൗലാനാ അബുൽകലാം ആസാദിന്റെ പ്രസ്താവന (മസ്അലെഖിലാഫത്ത്) ഇവിടെ അന്വർത്ഥമാകുന്നു.

അഹ്മദിയ്യാ ഖിലാഫത്തിനെക്കുറിച്ച് ഇത്രയും പരിചയപ്പെടുത്തിയതിനുശേഷം വിശുദ്ധഖുർആനിൽനിന്ന് വ്യക്തമാകുന്ന ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ചും ആ അനുഗ്രഹങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ എത്ര മഹത്തായ രീതിയിലാണ് പുലർന്നുകൊണ്ടിരിക്കുന്നതിനെക്കുറിച്ചും അല്പം പ്രതിപാദിക്കാം.

സൂറത്തുന്നൂറിലെ ഇസ്തിഖ്ലാഫ് എന്ന ആയത്തിൽ ഖിലാഫത്തിന്റെ സുപ്രധാനമായ രണ്ട് ദിവ്യാനുഗ്രഹങ്ങളെക്കുറിച്ചാണ് പ്രസ്താവിച്ചിരിക്കുന്നത്.

وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِى ارْتَضٰى لَهُمْ

അതായത് അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുന്നതാണ്.

وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ اَمْنًا

അതായത് അവരുടെ ഭയത്തിനുശേഷം പകരമായി അവർക്ക് രക്ഷയും സമാധാനവും നല്കുന്നതാണ് (24:56).

ഈ രണ്ട് ദിവ്യാനുഗ്രഹങ്ങളും അഹ്മദിയ്യാ ജമാഅത്തിൽ പരിപൂർണ്ണമായും കാണപ്പെടുന്നതായി അതിന്റെ ഇതപര്യന്തമുള്ള ചരിത്രം ഉൽഘോഷിക്കുന്നു.

അഹ്മദിയ്യാ ഖിലാഫത്തിൽ സുശക്തമായ വ്യവസ്ഥിതിയും വിവിധ സംവിധാനങ്ങളും രൂപീകൃതമായതിന്റെ ഫലമായി ഖിലാഫത്തിന്റെ ആസ്ഥാനത്തെ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ സ്ഥാപിതമായി. അതായത് പ്രചാരണം, ശിക്ഷണം, വിദ്യാഭ്യാസം, സാമ്പത്തികം, ആഭ്യന്തരം എന്നിങ്ങനെ പല വകുപ്പുകളും ഉപവകുപ്പുകളും സ്ഥാപിതമാകുകയും ആഗോളാടിസ്ഥാനത്തിൽ അവയൊക്കെ സജീവമായി പ്രവർത്തനനിരതമാവുകയുമാണ്.

ഇന്ന് ലോകത്ത് 189 രാഷ്ട്രങ്ങളിൽ പതിനായിരക്കണക്കിൽ ശാഖകളുള്ള ജമാഅത്തുകളിൽ പ്രസ്തുത വകുപ്പുകളനുസരിച്ച് അഹോരാത്രം പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലോകത്തെങ്ങും ആയിരക്കണക്കിലുള്ള മുബല്ലിഗീങ്ങളും മുഅല്ലിമീംകളും ഖിലാഫത്തിന്റെ വ്യവസ്ഥിതിക്കു കീഴിൽ ദീനിനെ പ്രബലപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ തീവ്രയത്നത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അതിന്റെ ഫലമായി ലക്ഷക്കണക്കിലുള്ള സത്യാത്മാക്കൾക്ക് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം സ്വീകരിക്കുവാനുള്ള സൗഭാഗ്യം ലഭിച്ചു. മുബല്ലിഗീങ്ങളെ വാർത്തെടുക്കുന്നതിനായി പാക്കിസ്ഥാനിലെ റബ്‌വയിലും ഇന്ത്യയിലെ ഖാദിയാനിലും കൂടാതെ യു.കെയിലും, കാനഡയിലും, അമേരിക്കയിലും, ആഫ്രിക്കൻ നാടുകളിലും മിഷനറി കോളേജുകൾ ജാമിഅ അഹ്മദിയ്യ എന്ന പേരിൽ സ്തുത്യർഹമായ നിലയിൽ പ്രവർത്തനനിരതമാണ്.

ഇതുവരെയായി 64 ലോകഭാഷകളിൽ വിശുദ്ധഖുർആൻ വിവർത്തനം ചെയ്യപ്പെട്ടു. 22 ഭാഷകളിൽ വിവർത്തനം പൂർത്തിയായി. 15 ഭാഷകളിൽ വിവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ലോകത്തുള്ള 120 ഭാഷകളിൽ വിശുദ്ധഖുർആനിൽനിന്നും ഹദീസുകളിൽനിന്നും വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട വചനങ്ങൾ വിവർത്തനം ചെയ്തു. ആ ഭാഷകൾ സംസാരിക്കപ്പെടുന്ന രാജ്യങ്ങളിലെല്ലാം ഒരു വ്യവസ്ഥിതിയോടുകൂടി അത് വിതരണം ചെയ്യപ്പെട്ടു.

ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിദ്യാഭ്യാസ കേന്ദ്രങ്ങളും



ആതുരാലയങ്ങളും വളരെ വിജയകരമായി പ്രവർത്തിച്ചുവരുന്നു. ജമാഅത്തിൽ സാധുസംരക്ഷണത്തിന്നുള്ള വിപുലമായ ഏർപ്പാടുകൾ നടന്നുവരുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂകമ്പം, വെള്ളപ്പൊക്കം, സുനാമി എന്നീ പ്രകൃതിക്ഷോഭങ്ങൾക്കിരയായി കഷ്ടപ്പെടുന്നവരെ സഹായിക്കുവാനായി 'ഹ്യൂമാനിറ്റി ഫെസ്റ്റ്' എന്ന പേരിൽ വിപുലമായരീതിയിൽ സഹായപ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

ചുരുക്കത്തിൽ ആഗോളാടിസ്ഥാനത്തിൽ നടന്നുവരുന്ന ഈ പ്രവർത്തനങ്ങളെക്കുറിച്ചും അവയിലുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതികളെക്കുറിച്ചും വിവരിക്കുന്നതിന് ഈ സ്ഥലപരിമിതി അനുവദിക്കുന്നില്ല. ഈ പ്രവർത്തനങ്ങളെക്കുറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ എതിർ വിഭാഗത്തിന് എന്താണ് പറയാനുള്ളതെന്ന് നോക്കാം. ധാരാളം ഉദ്ധരണികളിൽനിന്ന് ഒന്നുരണ്ടു മാത്രം ഇവിടെ ഉദ്ധരിക്കാം.

കേരള ജമാഅത്തെ ഇസ്‌ലാമി പ്രസിദ്ധീകരിക്കുന്ന ബോധനം എന്ന മാസിക അതിന്റെ 16.7.1994–ലെ പതിപ്പിൽ എഴുതുന്നു.

"അമേരിക്കയിൽ ഖാദിയാനി പ്രസ്ഥാനത്തിന് ശക്തമായ വേരുകളുണ്ട്. ന്യൂയോർക്കിലും വാഷിംഗ്ടണിലും സാൻഫ്രാൻസ്കോവിലും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കേന്ദ്രങ്ങളുണ്ട് അവർക്ക്. ആസൂത്രിത പദ്ധതികളും കണക്കില്ലാത്ത ആസ്തിയുമാണത്രെ ഖാദിയാനി പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നത്. യൂറോപ്പ്-ആഫ്രിക്ക തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഖാദിയാനികൾ പരന്നുകിടക്കുന്നു. 14 മില്യനോളം വരുമത്രെ അവരുടെ ജനസംഖ്യ. (ഇത് 13 വർഷങ്ങൾക്കു മുമ്പേയുള്ള നിഗമനമാണ്. ഇപ്പോൾ അഹ്മദികളുടെ ജനസംഖ്യ 22 കോടിയിലധികമാണ്– ലേഖകൻ) ഘാന, നൈജീരിയ, ഐവറികോസ്റ്റ്, ലൈബീരിയ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിലൊക്കെ ഖാദിയാനികളുടെ സാന്നിധ്യം വളരെ പ്രകടമാ

ണ്. വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികിത്സാ സംവിധാനങ്ങൾ തുടങ്ങിയ ആകർഷകമായ ആനുകൂല്യങ്ങളിൽക്കൂടി ആളെ കൂട്ടുന്നതിൽ അവർ കുറേയൊക്കെ ജയിക്കുന്നുണ്ട്. ഖാദിയാനികളുടെ ശക്തികേന്ദ്രങ്ങളിൽ ഒന്നാണ് ബ്രിട്ടൻ. തലസ്ഥാന നഗരിയായ ലണ്ടനിൽത്തന്നെ ഒന്നിലധികം പള്ളികളുണ്ട്. 1989 –ൽ ലണ്ടനിൽ ഉദ്ഘാടനം ചെയ്ത ഖാദിയാനി സെന്റർ അത്യാധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇവിടെ സ്ഥാപിച്ച അച്ചടിശാലയിൽനിന്ന് ലോകത്തിലെ ഒട്ടേറെ ഭാഷകളിൽ ഖാദിയാനീ സാഹിത്യങ്ങളും പരിശുദ്ധഖുർആന്റെ വ്യാഖ്യാനവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈയിടെ ചൈനീസ് ഭാഷയുമായും ഖാദിയാനികൾ രംഗപ്രവേശം ചെയ്തിരിക്കുന്നു. ഈ പരിഭാഷയുടെ ആദ്യപേജുകൾ വാഗ്ദത്ത മഹ്ദി മിർസാ ഗുലാം അഹ്മദിനെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കാള്ളുന്നതാണ്. അമേരിക്കയിലോ ബ്രിട്ടനിലോ മാത്രമല്ല, സിയോണിസത്തിന്റെ ആസ്ഥാനമായ ഇസ്രായീലിലും ഖാദിയാനികൾക്ക് ഊഷ്മളമായ സ്വീകരണമാണ് ലഭിക്കുന്നത്. പലസ്തീൻ പ്രദേശങ്ങളിൽ അവർക്ക് സ്കൂളുകളും കേന്ദ്രങ്ങളുമുണ്ട്. (ബോധനം മാസിക, 16.7.1994)

സഊദി ഗസറ്റ് എഴുതുന്നു: The Qadianis also called Ahmadies are working in Bosnia. They are doing a lot of work much more than the Muslims. The Qadianies are taking a lot of aid together with many aid works to the affected areas. അതായത് അഹ്മദികളെന്നു പറയപ്പെടുന്ന ഖാദിയാനികൾ ബോസ്നിയായിൽ പ്രവർത്തനനിരതരാണ്. ഇതര മുസ്ലിംകളേക്കാൾ അവർ വളരെയധികം പ്രവർത്തിക്കുന്നു. ഖാദിയാനികൾ സുസംഘടിതരായി നിന്നുകൊണ്ട് ബാധിതപ്രദേശങ്ങളിൽ ധാരാളം സഹായസേവനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. (Sandi Gazette, 27.6.1994)

പ്രചാരണരംഗത്ത് മാത്രമല്ല, ശിക്ഷണരംഗത്തും ആഗോളാടിസ്ഥാനത്തിൽ വ്യവസ്ഥാപിതമായ രീതിയിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജമാഅത്തിൽ വയോജന യുവജന വിഭാ



ഗങ്ങളുടേയും സ്ത്രീകളുടേയും കുട്ടികളുടേയും ശിക്ഷണവിദ്യാഭ്യാസ കാര്യങ്ങളിൽ സുസംഘടിതമായ സംവിധാനങ്ങൾ പ്രവർത്തനനിരതമാണ്. അതായത്, ഏഴുവയസ്സു മുതൽ 15 വയസ്സുവരെയുള്ള ബാലന്മാർക്ക് അത്ഫാലുൽ അഹ്മദിയ്യാ എന്ന പേരിലും 16 മുതൽ 40 വയസ്സുവരെയുള്ള യുവാക്കൾക്ക് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എന്ന പേരിലും 41 വയസ്സു മുതൽ മേല്പോട്ടുള്ള വയോജന വിഭാഗത്തിന് മജ്ലിസ് അൻസാറുല്ലാഹ് എന്ന പേരിലും 7 മുതൽ 15 വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് നാസിറാത്തുൽ അഹ്മദിയ്യാ എന്ന പേരിലും 16 വയസ്സു മുതൽ മേല്പോട്ടുള്ള സ്ത്രീജനവിഭാഗത്തിന് ലജ്ന ഇമായില്ലാഹ് എന്ന പേരിലും സുസംഘടിതമായ സംവിധാനങ്ങൾ ഒരേയൊരു നേതൃത്വത്തിന്റെ കീഴിൽ ആഗോളാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു.

ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്തിന്റെ കീഴിൽ തബ്ലീഗ്, തഅ്ലീം, തർബിയ്യത്ത് എന്നീ പ്രവർത്തനങ്ങൾമൂലം 'അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കും' എന്ന ദിവ്യാനുഗ്രഹം പ്രാവർത്തികമായിരിക്കുന്നത് വ്യക്തമായി കാണാൻ കഴിയുന്നു.

ഖിലാഫത്തിന്റെ മറ്റൊരനുഗ്രഹം ഭയാശങ്കയെ അത് സമാധാനത്തിലേക്കും സുരക്ഷയിലേക്കും പരിവർത്തനം ചെയ്യിക്കുന്നു എന്നതാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രം ഈ ദൈവിക വാഗ്ദാനത്തെ സാക്ഷാൽക്കരിക്കുന്നു. 1934–ലെ അഹ്റാരികളുടെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം, 1947–ൽ ഇന്ത്യാ വിഭാജനത്തോടനുബന്ധിച്ചുനടന്ന വർഗ്ഗീയ കലാപങ്ങൾ, 1954–ലെ അഹ്മദിയ്യാ വിരുദ്ധപ്രക്ഷോഭം, ഈജിപ്തിലെ ഫാറൂഖ് രാജാവ്, സഊദിയിലെ ശൈഖ്ഫൈസൽ, പാക്കിസ്ഥാനിലെ സുൽഫിഖർ അലി ഭൂട്ടോ, പാക്പ്രസിഡന്റ് സിയാവുൽഹഖ് എന്നീ ഭരണത്തലവന്മാരുടെ അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിക്കുവാനുള്ള തീവ്രയത്നങ്ങൾ ഇവയൊക്കെ

പാറയിൽവീണ കുപ്പിച്ചില്ലുപോലെ ചിന്നിച്ചിതറി നാമാവശേഷമായിത്തീർന്നു.

ഇവയെക്കുറിച്ച് വിശദമായി വിവരിക്കാൻ ഒരു മഹൽഗ്രന്ഥം തന്നെ ആവശ്യമുണ്ട്. എന്നിരുന്നാലും സന്ദർഭാനുസരണം ചില സംഭവങ്ങൾ വിവരിക്കുന്നത് ഇവിടെ ഉചിതമായിത്തോന്നുന്നു.

1933-ൽ അഞ്ചുമൻ അഹ്റാർ സംഘടന അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ആസൂത്രിതമായ പരിപാടികളുമായി ഒരു പ്രക്ഷോഭം ആരംഭിച്ചു. പല മതരാഷ്ട്രീയനേതാക്കളുടെയും അവരുടെ സംഘടനകളുടേയും പിന്തുണയും ഒത്താശയും അവർക്ക് ലഭ്യമായി. ആര്യസമാജികളും ക്രിസ്ത്യാനികളും സിക്കുകാരും ഇവരോടൊപ്പം ചേർന്നു. സുപ്രസിദ്ധ പൗരസ്ത്യകവി ഡാക്ടർ മുഹമ്മദ് ഇഖ്ബാൽ അഹ്മദിയ്യാ ജമാഅത്തിന്നെതിരായുള്ള പ്രവർത്തനങ്ങൾക്ക് സാരഥ്യം വഹിച്ചു. ചുരുക്കത്തിൽ ഇന്ത്യയിലങ്ങോളമിങ്ങോളം അഹ്റാരികൾ അഹ്മദികൾക്കെതിരായി വൻപ്രക്ഷോഭത്തിന് ഒരുക്കം കൂട്ടി. സമീന്ദാർ എന്ന പത്രത്തിന്റെ അധിപരായിരുന്ന മൗലാനാ സഫർ അലിഖാന്റെ തൂലിക, ശക്തിയും അമീറെശരീഅത്തെന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന മൗലാനാ അത്വാഉല്ലാശാഹ് ബുഖാരിയുടെ മാസ്മരികമായ ജിഹ്വാശക്തിയും അഹ്മദിയ്യത്തിന്നെതിരായി ആഞ്ഞടിച്ചു.

തദവസരത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലിഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) 1935, മെയ് 24-ാം തിയതി ചെയ്ത ഖുത്ബാ പ്രഭാഷണത്തിൽ ആവേശഭരിതനായിപ്പറഞ്ഞു:

"ഈ എല്ലാ ശക്തികളും ഒന്നായിച്ചേരട്ടെ. അവരോടൊപ്പം ലോകത്തുള്ള വൻശക്തികളും ഒന്നിക്കട്ടെ. എന്നിരുന്നാലും ഈച്ചകളുടെ ഝങ്കാര ശബ്ദത്തിനുണ്ടാക്കാൻ സാധിക്കുന്നത്ര നഷ്ടം കൂടി ഇവർക്ക് നമുക്കെതിരിൽ ഉണ്ടാക്കാൻ സാധ്യമല്ല. തങ്ങൾക്ക് നല്ലൊരു ശക്തി സംഭരിക്കുവാൻ സാധിച്ചിരിക്കുന്നുവെന്ന കാര്യത്തിൽ ഇവരൊക്കെ സന്തോഷവാന്മാരാകുന്നു.



എന്നാൽ, ഇവരുടെ ശക്തിയെ ഛിന്നഭിന്നമാക്കുന്നതിനുള്ള ഏർപ്പാട് അല്ലാഹു ചെയ്തിരിക്കുന്നു എന്ന കാര്യത്തിൽ ഞങ്ങളും സന്തുഷ്ടരാണ്. ഒരു കേസ് നടന്നുകൊണ്ടിരിക്കുമ്പോൾ ഒരാൾ ഹദ്റത്ത് വാഗ്ദത്ത മസീഹിനെ ഏതൊരു മജിസ്ട്രേട്ടിന്റെ പക്കലാണോ കേസ്സുള്ളത് അയാളുടെമേൽ ശത്രുക്കൾ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണെന്നും അങ്ങയെ അറസ്റ്റ് ചെയ്യുവാൻ നിർബന്ധിക്കുകയാണെന്നും അറിയിച്ചു. ഹുസൂർ(അ) അപ്പോൾ കിടക്കുകയായിരുന്നു. ഇതു കേട്ടയുടൻ വളരെ പ്രൗഢഗംഭീരമായ സ്വരത്തിൽ പറഞ്ഞു, നിങ്ങളൊക്കെ എന്താണീ പറയുന്നത്? അല്ലാഹുവിന്റെ സിംഹത്തിന്മേൽ കൈവെക്കുവാൻ ആർക്കാണ് ശക്തിയുള്ളത്? നിസ്സംശയം ഹദ്റത്ത് മസീഹ് മൗഊദ്(അ) ദിവംഗതനായിരിക്കുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ആത്മാവ് മരിച്ചിട്ടില്ല. അതിന് ജീവനുണ്ട്. അത് എന്നെന്നും ജീവിച്ചിരിക്കുന്നതാണ്. ലോകത്തുള്ള എല്ലാ ശക്തികളും സംഘടിച്ചാലും അതിനെ നശിപ്പിക്കുവാൻ സാധിക്കുന്നതല്ല.

ഏതൊരു വഴിയിലാണോ അല്ലാഹു എന്നെ നിറുത്തിയിരിക്കുന്നത്. അത് വിജയത്തിന്റെ പാതയാണ്. എനിക്ക് നല്കപ്പെട്ട അധ്യാപനം വിജയംവരെ ചെന്നെത്തിക്കുന്ന ഒന്നാണ്. ഏതെല്ലാം മാർഗ്ഗങ്ങളെ സ്വായത്തമാക്കുവൻ അല്ലാഹു എനിക്ക് സൗഭാഗ്യം നല്കിയോ അവ ഉദ്ദേശ്യസാഫല്യത്തിനും വിജയപ്രാപ്തിക്കുമുള്ള മാർഗ്ഗങ്ങളാണ്. ഭൂമി എന്റെ ശത്രുക്കളുടെ കാലടിക്കീഴിൽനിന്നും നീങ്ങിപ്പോകുന്നതായി ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. അവരുടെ പരാജയം അവരെ സമീപിച്ചുകൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു. എത്രകണ്ട് അവർ പദ്ധതികളും പരിപാടികളും ഉണ്ടാക്കുകയും മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവോ അത്രകണ്ട് വ്യക്തമായ നിലയിൽ എനിക്ക് അവരുടെ മരണം കാണുവാൻ സാധിക്കുന്നു. അല്ലാഹു ഇന്ന് കാണിക്കുവാൻ ആഗ്രഹിക്കുന്നത് മനുഷ്യശക്തികൾ അവന്റെ ഇച്ഛയ്ക്കു മുന്നിൽ വളരെ നിന്ദ്യവും അപമാനകരവും ആയിത്തീരുന്നതാണെന്നാണ്. ഇന്ന് അല്ലാഹു

തന്റെ ശക്തി പ്രകടിപ്പിക്കുവാൻ ഇച്ഛിക്കുന്നു. തന്റെ പ്രതാപവും പ്രൗഢിയും കാണിക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ എല്ലാ ശത്രുക്കളുടേയും മുമ്പാകെ നിർഭയനായി നില്ക്കുകയാണ്. സാത്വികരായ അഹ്മദികളിൽനിന്ന് ഞാൻ പ്രതീക്ഷിക്കുന്നത് അവർ ശത്രുക്കളുടെ മുമ്പിൽ നെഞ്ചുവിടർത്തി നില്ക്കണമെന്നാണ്. ഞാൻ ശത്രുക്കളോട് പറയുകയാണ്: ഞങ്ങൾക്കെതിരെ എത്രകണ്ട് ശക്തികൾ സ്വരൂപിക്കുവാൻ സാധിക്കുമോ സ്വരൂപിച്ചുകൊള്ളുക. ഐക്യകണ്ഠ്യേന ഞങ്ങളെ എതിർത്തുകൊള്ളുക. ഞങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതൊന്നും തെല്ലും ഭയപ്പെടുന്നില്ല. മറിച്ച്, അല്ലാഹുവിന്റെ മറഞ്ഞുകിടക്കുന്ന ശക്തികൾ പ്രകടമാകുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഞങ്ങളുടെ ഈ പ്രസ്ഥാനം മനുഷ്യനിർമ്മിതമല്ല. ദൈവിക കരങ്ങളാൽ നട്ടുവളർത്തപ്പെട്ട ചെടിയാണെന്ന് ജനങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കുമാറാകട്ടെ." (ഖുത്ബാത്തെ മഹ്മൂദ്, പേജ്– 320)

മുസ്ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ ഈ ആത്മീയശക്തി പ്രകടനത്തിന്നെതിരിൽ അഹ്മദിയ്യാ ഖിലാഫത്തിന്റെ ഉരുക്കുകോട്ടയ്ക്ക് ഒരു പോറൽകൂടി ഏല്പിക്കുവാൻ അഹ്റാരികൾക്കു സാധിച്ചിട്ടില്ല. അവരുടെ പ്രക്ഷോഭം മലപോലെ വന്നത് മഞ്ഞുപോലെയായിത്തീർന്നു. ആ ഖിലാഫത്ത് മുഖേന അല്ലാഹു എല്ലാ ഭയത്തേയും ശാന്തിയിലേക്കും സമാധാനത്തിലേക്കും മാറ്റിക്കാണിച്ചു.

പിന്നീട് നടന്ന ഭയാനകവും ഘോരവുമായ സംഭവം 1947 –ൽ ഇന്ത്യയിലുണ്ടായ വർഗ്ഗീയ കലാപമായിരുന്നു. ഇന്ത്യാ വിഭജനകാലത്ത് ലക്ഷക്കണക്കിൽ മുസ്ലിംകളും ഹിന്ദുക്കളും സിക്കുകാരും കശാപ്പ് ചെയ്യപ്പെടുകയും ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ വിശിഷ്യാ പഞ്ചാബിൽ രക്തപ്പുഴകൾ ഒഴുക്കപ്പെടുകയും ചെയ്തു. ലക്ഷക്കണക്കിലുള്ള അഭയാർത്ഥികൾ ഇന്ത്യയിലും പാക്കിസ്ഥാനിലും ഒരഭയകേന്ദ്രവുമില്ലാതെ ഛിന്നഭിന്നരായി പരക്കം പാഞ്ഞുകൊണ്ടിരുന്നു.



1947–ൽ ഇന്ത്യാവിഭജനത്തിനു മുമ്പേയും അതിനുശേഷവും കിഴക്കൻ പഞ്ചാബിലുണ്ടായ സാമുദായിക കലാപങ്ങളും കൂട്ടക്കൊലകളും ലോകചരിത്രത്തിലെ ഏറ്റവും കറുത്ത അധ്യായങ്ങളായിരുന്നു. എന്നാൽ, 1947–ൽ ഉണ്ടാകാനിരിക്കുന്ന സംഭവവികാസങ്ങൾ അല്ലാഹു ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന് എത്രയോ മുമ്പേ ദർശനങ്ങളിൽ കാണിച്ചുകൊടുത്തിരുന്നു. അതിന്റെ ഫലമായി അദ്ദേഹം ഈ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും ചെയ്തുകൊണ്ടിരുന്നു. വാഗ്ദത്ത മസീഹിന് **ദാഗെഹിജ്റത്ത്** (ഹിജ്റത്തിന്റെ കളങ്കം) എന്ന ദിവ്യ വെളിപാട് ലഭിച്ചിരുന്നതിനാൽ ഖാദിയാനിൽനിന്ന് ഹിജ്റത്ത് ചെയ്യേണ്ടിവരുമെന്ന അടിസ്ഥാനത്തിൽ വളരെ മുമ്പേ അതിനുള്ള സജ്ജീകരണങ്ങൾ ചെയ്തുകൊണ്ടിരുന്നു. തൽഫലമായി ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ സ്മാരക വസ്തുക്കളും ചരിത്രരേഖകളും ഗ്രന്ഥശേഖരങ്ങളും ഖജനാവുകളും സുരക്ഷിത സ്ഥലത്തേക്ക് മാറ്റി. അതോടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ മഹനീയ നേതൃത്വത്തിൽ ഖാദിയാനിൽനിന്ന് പതിനായിരക്കണക്കിൽ അഹ്മദികൾ ലാഹോറിലേക്ക് ഹിജ്റത്ത് പോയി. ഖാദിയാന്റെ സംരക്ഷണത്തിന്നായി അവിടെ 313 ത്യാഗീവര്യന്മാരെ നിയമിച്ചു.

ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) പ്രസ്താവിക്കുന്നു:

"ഈ ഭയാനകമായ സംഭവം നിമിത്തം നമ്മുടെ ഈമാൻ പൂർവ്വാധികം ശക്തിപ്രാപിക്കുകയാണുണ്ടായത്. ഒന്നാമതായി എപ്രകാരമാണ് ഖാദിയാനിലുള്ള നമ്മുടെ ജമാഅത്തംഗങ്ങൾ ശത്രുക്കളുടെ ആക്രമണവലയത്തിൽനിന്ന് സുരക്ഷിതരായി പാക്കിസ്ഥാനിൽ എത്തിച്ചേർന്നതെന്നാൽ അതുപോലുള്ള ഉദാഹരണം കിഴക്കൻ പഞ്ചാബിലെ മറ്റ് മുസ്ലിം സംഘടനകളിലൊന്നും കാണുവാൻ സാധ്യമല്ല. നമ്മുടെ സ്ത്രീകളും പുരുഷന്മാരും അവരുടെ വീട്ടുസാധനങ്ങളോടുകൂടി എപ്രകാരമാണ് സുരക്ഷിതരായിട്ട് എത്തിച്ചേർന്നതെന്നാൽ അതുപോ

ലുള്ള സദൃശ്യത മറ്റെങ്ങും കാണുവാൻ സാധിക്കുന്നതല്ല. ലുധിയാനയിൽനിന്നും ജലന്ധറിൽനിന്നും ഫിറോസ്പൂരിൽനിന്നും പാക്കിസ്ഥാനിൽ അഭയംതേടിയ ഒരു അഭയാർത്ഥികൂട്ടങ്ങളിലും ഇതുപോലുള്ള ഉദാഹരണം കാണുകയില്ല. അവരോടൊപ്പം മിലിറ്ററി ഫോർസുകളുണ്ടായിരുന്നിട്ടും ആയിരക്കണക്കിൽ ജനങ്ങൾ കൊലചെയ്യപ്പെട്ടു. എന്നാൽ, ഖാദിയാനിൽനിന്ന് പുറപ്പെട്ട അഹ്മദികളുടെ സംഘങ്ങളോടൊപ്പം അവർക്ക് സംരക്ഷണം നല്കുവാൻ ഒരുവിധത്തിലുള്ള മിലിട്ടറി ഫോർസും ഉണ്ടായിരുന്നില്ല. എന്നിട്ടും അവരെല്ലാം സുരക്ഷിതരായി സസുഖം പാക്കിസ്ഥാനിൽ എത്തിച്ചേർന്നു. എത്ര വലിയൊരു ദൃഷ്ടാന്തമാണിത്. നമ്മുടെ അഞ്ചുമന്റെ ഇത്രവലിയ കാര്യാലയം ഖാദിയാനിൽ നിന്നും പുറപ്പെട്ട് ലാഹോറിൽ വന്നെത്തിയതും അതിന്റെ പ്രവർത്തനമാരംഭിച്ചു. ഒരു ഗവർമ്മെന്റിന്റേതെന്നതുപോലെ ഇത്രയധികം കാര്യാലയങ്ങളും വകുപ്പുകളും ഒരു തടസ്സവുമില്ലാതെ അവയുടെ പ്രവർത്തനങ്ങൾ തുടർന്ന് നടത്തുകയെന്നത് അലാവുദ്ദീന്റെ അത്ഭുതവിളക്ക് പോലുള്ള കാര്യമാണ്. ആ അത്ഭുതവിളക്കിൽനിന്ന് ഞൊടിയിടയിൽ മണിമാളിക പ്രത്യക്ഷപ്പെട്ടതുപോലെയുള്ള അത്ഭുതകരമായ അനുഭവമാണുണ്ടായത്. (താരീഖെ അഹ്മദിയ്യത്ത്, വാള്യം 11, പേജ്–76,77)

നമ്മുടെ കാര്യാലയങ്ങളെല്ലാം ഖിലാഫത്തിന്റെ മഹനീയവും അനുഗൃഹീതവുമായ നേതൃത്വത്തിൽ പ്രവർത്തനനിരതമായതോടൊപ്പം ജമാഅത്തിന് ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന്നായി ഉചിതമായ ഭൂമി വിലക്കുവാങ്ങുവാനുള്ള തീവ്രയത്നവും ആരംഭിച്ചു. അല്ലാഹു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന് ഒരു ദിവ്യദർശനത്തിൽ കാണിച്ചുകൊടുത്തതുപോലെ ഝംഗ്ജില്ലയിൽ ചിനാബ് നദീതീരത്തിൽ 1034 ഏക്കർ വിസ്താരമുള്ള ഒരു നിലം ഗവർമ്മെന്റിൽനിന്നും വിലക്കുവാങ്ങുവാൻ സാധിച്ചു.

അങ്ങനെ 1949–ൽ ഈ സ്ഥലത്ത് ഒരു കേന്ദ്രം രൂപീകരിക്കുന്നതിനുള്ള നടപടികൾ തുടങ്ങി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുറഞ്ഞ കാലത്തിന്നകം അലാവുദ്ദീന്റെ അത്ഭുതവി



ളക്കിൽനിന്ന് ഉത്ഭൂതമായതുപോലെ പെട്ടെന്നവിടെ എല്ലാ സൗകര്യ സജ്ജീകരണവുമുള്ള ഒരു പട്ടണം പ്രത്യക്ഷപ്പെട്ടു. റബ്വ എന്നു നാമകരണം ചെയ്യപ്പെട്ട ആ പട്ടണം ഇന്ന് പാക്കിസ്ഥാനിലെ സുപ്രസിദ്ധ പട്ടണങ്ങളിലൊന്നാണ്.

ചുരുക്കത്തിൽ ഇവിടെയും അല്ലാഹു

وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ اَمْنًا എന്ന അത്ഭുതദൃശ്യം കാണിച്ചു!

1953–ൽ മൗലവി അബുൽ അഅ്ലാ മൗദൂദി സാഹിബിന്റെ നേതൃത്വത്തിൽ നടന്ന അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭവും അതിന്റെ ദാരുണമായ പര്യവസാനവും ചരിത്രത്തിന്റെ താളുകളിൽ രേഖപ്പെട്ടുകിടക്കുന്നു.

പാക്കിസ്ഥാനിൽ അങ്ങോളമിങ്ങോളം സംഘടിതമായ നിലയിൽ അരങ്ങേറിയ ഈ പ്രക്ഷോഭം നിമിത്തം അഹ്മദികൾക്ക് കഠിനമായ യാതനകളും പീഢനങ്ങളും മർദ്ദനങ്ങളും അനുഭവിക്കേണ്ടിവന്നു. പഞ്ചാബ് മുഖ്യമന്ത്രി മിയാൻ മുംതാസ് ദൗലത്താനയും ഗവർണ്ണർ ഇബ്റാഹിം ഇസ്മായിൽ ചുന്ദ്രിഗറും പ്രക്ഷോഭത്തിന് പൂർണ്ണമായ പിന്തുണ നല്കി.

പ്രസ്തുത പ്രക്ഷോഭത്തോടനുബന്ധിച്ച് ഒരു ഖുത്ബയോ പ്രസ്താവനയോ പുറപ്പെടുവിക്കരുതെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമനെ വിലക്കിക്കൊണ്ട് പഞ്ചാബ് ഗവർണ്ണർ ഒരു ഉത്തരവിറക്കി. പഞ്ചാബ് ഗവർമ്മെന്റിന്റെ പ്രത്യേക നിർദ്ദേശമനുസരിച്ച് 1953 മാർച്ച് 19–ാം തിയതി ഡപ്യൂട്ടി സൂപ്രണ്ടന്റ് ഓഫ് പോലീസ് (ഝംഗ്) റബ്വയിലെത്തി പഞ്ചാബ് ഗവർണ്ണരുടെ പ്രസ്തുത ഉത്തരവ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സിനെ നേരിട്ട് ഏല്പിച്ചു. ഹദ്റത്ത് സാഹിബ് പ്രസ്തുത ഉത്തരവ് വാങ്ങിയതിനുശേഷം ഏറ്റവും സുദൃഢമായ സ്വരത്തിൽ സൂപ്രണ്ടിനോട് പറഞ്ഞു. താങ്കൾ ഇപ്പോൾ തനിച്ച് എന്നെ കാണുവാൻ വന്നിരിക്കുന്നു. അങ്ങനെ ഒരപകടവും തോന്നാത്തരീതിയിൽ എന്റെ അടുക്കലെത്തിച്ചേർന്നിരിക്കുന്നു.

കാരണം താങ്കൾ ഗവർമ്മെന്റിന്റെ പ്രതിനിധിയെന്നനിലയിൽ ഗവർമ്മെന്റിന്റെ സഹായവും പിന്തുണയും താങ്കൾക്കുണ്ട് എന്ന ഉറപ്പോടുകൂടിയാണ് എന്റെ മുന്നിൽ വന്നുനില്ക്കുന്നത്. അതേ പ്രകാരം ഞാൻ അല്ലാഹുവിനാൽ നിയമിക്കപ്പെട്ട ഒരു ഖലീഫ എന്നനിലക്ക് അല്ലാഹു എന്നെ സഹായിക്കുമെന്ന ദൃഢവിശ്വാസം എനിക്കുണ്ടാകേണ്ടതാണല്ലോ. നിസ്സംശയം, എന്റെ പിരടി താങ്കളുടെ ഗവർണ്ണരുടെ കൈയിലാണ്. എന്നാൽ, താങ്കളുടെ ഗവർണ്ണരുടെ പിരടി എന്റെ അല്ലാഹുവിന്റെ കൈയിലാണ്. താങ്കളുടെ ഗവർണ്ണർ എന്നോട് ചെയ്യേണ്ടതു ചെയ്തു. ഇനി എന്റെ അല്ലാഹു തന്റെ ശക്തമായ കരം കാണിക്കുന്നതാണ്. (ഖുത്ബ, 15.8.1958, അൽഫസ്ൽ, 5.9.1958)

ദൈവിക ഗാംഭീര്യം നിറഞ്ഞ ഈ പ്രസ്താവനക്കുശേഷം ചുരുങ്ങിയനാളുകൾക്കിടയിൽത്തന്നെ അല്ലാഹു തന്റെ ശക്തകരം കാണിച്ചു.

പാക്കിസ്ഥാൻ കേന്ദ്രഗവർമ്മെന്റ് പഞ്ചാബ് ഗവർണ്ണരായ ഐ.ഐ. ചുന്ദ്രിഗറിനെ സ്ഥാനഭ്രഷ്ഠനാക്കുകയും അദ്ദേഹത്തിനുപകരം മിയാൻ അമീനുദ്ദീനെ പഞ്ചാബ് ഗവർണ്ണറായി നിയമിക്കുകയും ചെയ്തു. അദ്ദേഹം 1953 മെയ് 1–ാം തിയതി, രണ്ടു മാസം മുമ്പേ ചുന്ദ്രിഗർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കി. അങ്ങനെ ഹദ്റത്ത് വാഗ്ദത്ത മസീഹ് ശത്രുക്കളെ നോക്കി ചെയ്ത വീരഗർജ്ജനം തന്റെ ഖലീഫ മുഖേന ഒരിക്കൽക്കൂടി പുലർന്നു.

ജോ ഖുദാകാ ഹൈ ഉസേലൽക്കാർനാ അഛാനഹി
ഹാഥ് ശേറോൻപർ ന ഡാൽ ഏറൂബയെ സാറോനസാർ.

ദൈവമനുഷ്യനെ വെല്ലുവിളിക്കുന്നത് നല്ല കാര്യമല്ല. അല്ലയോ ഓരിയിടുന്ന കുറുക്കന്മാരേ! നിങ്ങൾ അല്ലാഹുവിന്റെ സിംഹത്തിനുമേൽ കൈയിടരുത്!

പഞ്ചാബിലെ അഹ്മദിയ്യാ വിരുദ്ധപ്രക്ഷോഭം നിയന്ത്രണം വിട്ട് സർക്കാരിന് ഭീഷണിയായിത്തീർന്നപ്പോൾ കലാപം അടിച്ചമർത്തുന്നതിന് പട്ടാളനിയമം നടപ്പാക്കേണ്ടിവന്നു. പ്രക്ഷോഭനായകന്മാരെ പട്ടാളക്കോടതി ശിക്ഷിച്ചു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മൗലാനാ മൗദൂദിക്ക് പിന്നീട് 14 വർഷത്തെ തടവുശിക്ഷയായി കുറഞ്ഞുകിട്ടിയെങ്കിലും അതിനുശേഷംവന്ന ഗവർമ്മെന്റ് അദ്ദേഹത്തെ വിട്ടയക്കുകയാണുണ്ടായത്.



ചുരുക്കത്തിൽ ഇവിടേയും അല്ലാഹു ഖിലാഫത്തിന്റെ മഹത്തായ അനുഗ്രഹം നടപ്പിൽവരുത്തി. 1974–ൽ പാക്കിസ്ഥാൻ പ്രധാനമന്ത്രി സുൽഫിഖർ അലിഭൂട്ടോ, സഊദി ഭരണത്തലവൻ ഫൈസൽരാജാവ്, യുഗാണ്ടാ പ്രസിഡന്റ് ഇദീഅമീൻ എന്നിവരുടെ നേതൃത്വത്തിൽ മുസ്ലിം ഭരണകർത്താക്കളുടെ ഒരു ഉച്ചകോടി സമ്മേളനം ലാഹോറിൽ വെച്ചുനടന്നു.

ഈ സമ്മേളനത്തെക്കുറിച്ച് ഡൽഹിയിൽനിന്ന് പുറപ്പെടുന്ന മുസ്ലിംലീഗ് മുഖപത്രമായ മുസ്തഖീമിന്റെ 18.4.1975–ലെ പതിപ്പിൽ ഇപ്രകാരം വാർത്ത പ്രസിദ്ധീകൃതമായി.

“പ്രസ്തുത സമ്മേളനത്തിനുള്ളിൽ മറ്റൊരു രഹസ്യസമ്മേളനവും നടന്നിരുന്നു. അതിൽ യുഗാണ്ട പ്രസിഡന്റ് ഇദീഅമീൻ മുസ്ലിംലോകത്തിന് ഒരു നേതാവിന്റെ ആവശ്യമുണ്ടെന്നും അദ്ദേഹം ഖലീഫത്തുൽ മുസ്ലിമീൻ എന്നു വിളിക്കപ്പെടണമെന്നുമുള്ള ഒരഭിപ്രായം ഉന്നയിച്ചു. ആ അവസരത്തിൽ എല്ലാവരുടേയും ദൃഷ്ടി ഫൈസൽരാജാവിലേക്കായിരുന്നു. (മുസ്തഖീം, 18.4.1975, പേജ്–4).

എന്നാൽ, ഈ വ്യാമോഹം സഫലമായില്ല. കാരണം അല്ലാഹുവിനാൽ നിർമ്മിതമായ ഒരു ഖിലാഫത്ത് നിലവിലുണ്ടായിരിക്കെ മനുഷ്യനിർമ്മിതമായ മറ്റൊരു ഖിലാഫത്തിന് എന്തു സ്ഥാനവും പ്രസക്തിയുമാണുള്ളത്. ഫൈസൽരാജാവ് തന്റെ മരുമകനാൽ ദാരുണമായി വധിക്കപ്പെട്ടു. അതോടെ ഇദിഅമീന്റേയും മേൽവിലാസമില്ലാതായി. ഇനി സുൽഫിഖർ അലി ഭൂട്ടോവിനെന്തു സംഭവിച്ചുവെന്നു നോക്കാം.

1974–ൽ ഭൂട്ടോവിന്റെ നേതൃത്വത്തിലുള്ള പാക്കിസ്ഥാൻ അസംബ്ലി അഹ്മദിയ്യാ ജമാഅത്തിനെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. അതിനുശേഷം അന്നത്തെ പാക്ക് ആഭ്യ

ന്തരമന്ത്രിയായിരുന്ന മൗലാനാ കൗസർ നയാസിയുടെ ഒരു പ്രസ്താവന ലാഹോറിലെ 'നവായെവഖ്ത്' പത്രം പ്രസിദ്ധീകരിച്ചു. അതായത്,

"മുഴുവൻ ഇസ്ലാമിക ചരിത്രത്തിലും ഇതുപോലുള്ള ഒരു സുപ്രധാന പ്രശ്നത്തിന്മേൽ ഒരിക്കലും സമുദായത്തിന്റെ ഐക്യകണ്ഠമായ അഭിപ്രായം (ഇജ്മായെ ഉമ്മത്ത്) ഉണ്ടായിരുന്നില്ല. ഈ ഇജ്മായെ ഉമ്മത്തിൽ നാട്ടിലുള്ള എല്ലാ മതപണ്ഡിതന്മാരും സൂഫിവര്യന്മാരും രാഷ്ട്രീയനേതാക്കളും ഓരോ ഗ്രൂപ്പിലുള്ള തലവന്മാരും യോജിക്കുകയുണ്ടായി. ഖാദിയാനി ഫിർഖയെ കൂടാതെ മുസ്ലിംകളുടെ 72 വിഭാഗങ്ങളും ഖാദിയാനി പ്രശ്നത്തിന് ഏകകണ്ഠമായ തീർപ്പ് കല്പിച്ചിരിക്കുന്നു. (നവായെവഖ്ത്, ലാഹോർ, 6.10.1974).

യഥാർത്ഥ മുസ്ലിംകളായ അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച ഈ അസംബ്ലിയെക്കുറിച്ച് പിന്നീട് പാക്കിസ്ഥാൻ ഗവർമ്മെന്റ് പ്രസിദ്ധീകരിച്ച ധവളപത്രത്തിന്റെ നൂറ്റിമുപ്പതാം ഭാഗത്ത് പറയുന്നു.

"നാഷനൽ, സ്റ്റേറ്റ് അസംബ്ലികളിൽ ഭൂട്ടോവിന്റെ അനുയായികളിൽ ഭൂരിഭാഗവും കുപ്രസിദ്ധരാണ്. അവർ ദുർമാർഗ്ഗികളായ സുഖലോലുപരും ദുർവൃത്തരും കുറ്റവാളികൾക്കും ഗുണ്ടകൾക്കും കള്ളക്കടത്തുകാർക്കും അഭയം നല്കുന്നവരുമാണ്. അവരിൽ ഭൂരിഭാഗത്തെക്കുറിച്ചും പറയപ്പെടുന്നത് ക്രൂരവും ഭയാനകവുമായ കുറ്റകൃത്യങ്ങളിൽ പെട്ടവരായിരുന്നുവെന്നാണ്." ഇതാണ് അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച പാക്കിസ്ഥാൻ ഭൂട്ടോ അസംബ്ലിയുടെ തനിനിറം. ഇനി ഭൂട്ടോവിനുണ്ടായ ഗതികേടു നോക്കുക.

ഭൂട്ടോവിനുശേഷം പാക്കിസ്ഥാനിലെ ഭരണസാരഥ്യം ഏറ്റെടുത്ത ജനറൽ സിയാവുൽഹഖ് ഒരു കൊലക്കുറ്റം ചുമത്തി അദ്ദേഹത്തെ അറസ്റ്റു ചെയ്യുകയും പിന്നീട് 1979 ഏപ്രിൽ 4-ാം തിയതി ബുധനാഴ്ച വെളുപ്പിന് 2.30ന് അമ്പത്തിരണ്ടാം വയസ്സിൽ ദാരുണമായ നിലയിൽ തൂക്കിക്കൊല്ലുകയും ചെയ്തു.



ഭൂട്ടോവിന്റെ പരിതാപകരമായ അന്ത്യത്തെക്കുറിച്ച് 7.12.1991 -ലെ മാതൃഭൂമി ദിനപത്രം ഇപ്രകാരം റിപ്പോർട്ടു ചെയ്യുന്നു.

"ഭൂട്ടോയെ തൂക്കിലേറ്റുമ്പോൾ ജയിൽ സുരക്ഷയുടെ ചുമതല വഹിച്ചിരുന്ന റിട്ട. ആർമി കേണൽ എം. റാഫിഉദ്ദീനാണ് മുൻപാക്ക് പ്രധാനമന്ത്രിയുടെ അന്ത്യനിമിഷങ്ങളുടെ കഥ പറയുന്നത്. ഭൂട്ടോയുടെ അന്ത്യത്തെപ്പറ്റി കേണൽ റാഫിയുദ്ദീൻ എഴുതിയ 140 പേജുള്ള പുസ്തകത്തിലെ പ്രസക്ത ഭാഗങ്ങൾ കഴിഞ്ഞദിവസം പാക്ക് പത്രങ്ങൾ പ്രസിദ്ധീകരിച്ചു.

ഭൂട്ടോയെ കഴുമരത്തിലേക്ക് കൊണ്ടുപോകുന്നതിനു മുമ്പേ മജിസ്ട്രേട്ടാണ് അന്തിമ ആഗ്രഹം വല്ലതുമുണ്ടോയെന്ന് അന്വേഷിച്ചത്. ഭൂട്ടോ ഒരക്ഷരം മിണ്ടിയില്ല. വിൽപത്രം തയ്യാറാക്കണം എന്നാഗ്രഹമുണ്ടോ എന്ന് മജിസ്ട്രേട്ട് പറഞ്ഞപ്പോൾ ഭൂട്ടോ ചുണ്ടനക്കി. "അതേ, ഒരു വിൽപത്രം എഴുതണം...." പക്ഷേ, അപ്പോഴേക്ക് ജയിൽ സൂപ്രണ്ട് ഭൂട്ടോയെ കഴുമരത്തിലേക്ക് കൊണ്ടുപോകാൻ ഉത്തരവിട്ടു കഴിഞ്ഞിരുന്നു. പിന്നെ ഏതാനും നിമിഷങ്ങൾക്കകം എല്ലാം കഴിഞ്ഞു. വിൽപത്രം സഫലമാകാത്ത മോഹമായി അവശേഷിച്ചു.

റാവിൽപിണ്ടി ജയിലിൽ 1979 ഏപ്രിൽ നാലിന്നാണ് ഭൂട്ടോയെ തൂക്കിലേറ്റിയത്. പാക്കിസ്ഥാൻ പീപ്പിൾസ് പാർട്ടി നേതാവായിരുന്ന സാഹിബ് സാദാ അഹ്മദുറസാഖാൻ ഖസൂരിയുടെയും സാഹിബ് സാദാ മുഹമ്മദ് അഹ്മദ്ഖാന്റെയും കൊലപാതകത്തിനു ഉത്തരവിട്ടു എന്നതായിരുന്നു ഭൂട്ടോയുടെ പേരിൽ സിയാഉൽ ഹഖിന്റെ പട്ടാളഭരണകൂടം ചുമത്തിയ കുറ്റം. അവസാന ദിവസങ്ങളിൽ നിരാഹാര സമരത്തിലായിരുന്നു ഭൂട്ടോ. തീരെ അവശനായിക്കഴിഞ്ഞിരുന്നു. ജയിൽ സൂപ്രണ്ടിന്റെ ഉത്തരവുപ്രകാരം നാല് ജയിൽജീവനക്കാർ ഭൂട്ടോയുടെ സെല്ലിൽ കടന്നുവരുമ്പോൾ കേണൽ റാഫി സമീപമുണ്ടായിരുന്നു. അവർ ഭൂട്ടോയെ കൈയും കാലും കൂട്ടിപ്പിടിച്ച് തൂക്കിയെടുത്താണ് കഴുമരത്തിലേക്ക് കൊണ്ടുപോയതെന്ന് റാഫി ഓർക്കുന്നു. അവർ തൂക്കിക്കൊണ്ടുപോകുമ്പോൾ ഭൂട്ടോയുടെ അരഭാഗം നിലത്ത്

മുട്ടി ഇഴഞ്ഞിരുന്നു. ഇതിനിടെ നിലത്തിഴയുകയായിരുന്ന ഭൂട്ടോയുടെ ഷർട്ടിന്റെ തുമ്പിൽ ഒരാൾ ചവിട്ടി ഷർട്ട് കീറി. സെല്ലിൽനിന്നു പുറത്തെ മുറ്റത്തേക്ക് കൊണ്ടുവന്ന ഭൂട്ടോയെ ഒരു സ്ട്രച്ചറിൽ കിടത്തി. പിന്നെ രണ്ട് കൈകളും വയറ്റത്ത് പിണച്ച് വിലങ്ങുവച്ചു. (മലയാള മനോരമ, 7.12.1991)

അങ്ങനെ 90 വർഷക്കാലത്തെ ഖാദിയാനിപ്രശ്നത്തിന് പരിഹാരമുണ്ടാക്കിയിരിക്കുന്നുവെന്ന വീരവാദം പുറപ്പെടുവിച്ച ഭൂട്ടോവിന്റെ അന്ത്യം ഇപ്രകാരം ദാരുണമായി കലാശിച്ചു!

അല്ലാഹു പറയുന്നു: അവിശ്വാസികൾ ഭൂമിയിൽ (സത്യവിശ്വാസികളെ) പരാജയപ്പെടുത്തിക്കളയുമെന്ന് നീ ധരിക്കരുത്. അവരുടെ സങ്കേതം നരകമാണ്. ഏറ്റവും മോശമായ പ്രത്യാഗമനസ്ഥലം (24:58).

തത്സംബന്ധമായി പാക്കിസ്ഥാനിലെ ലാഹോറിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ജംഗ് എന്ന പത്രം 1983 ഡിസംബർ 13-ന് എഴുതുന്നു:

മിർസായികളുടെ (അഹ്മദികളുടെ) സഹായ സഹകരണത്തോടുകൂടി ഭരണസാരഥിയായിത്തീർന്ന ഭൂട്ടോയും അദ്ദേഹത്തിന്റെ പാർട്ടിയും നശിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെ കീർത്തിയെ പിടിച്ചുനിറുത്തുവാനും ഉലഞ്ഞുകൊണ്ടിരിക്കുന്ന തങ്ങളുടെ ഭരണകൂടത്തെ നിലനിറുത്തുവാനുമായി ഉദാരനിധികളായ മിർസായി ജമാഅത്തിന്റെ കഴുത്തിന് കത്തിവെച്ചു (അവരെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു). അങ്ങനെ 90 വർഷത്തെ ഖാദിയാനി പ്രശ്നത്തിന് താൻ പരിഹാരം കണ്ടുവെന്ന് അദ്ദേഹം വാദിച്ചു. ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കി പാക്കിസ്ഥാൻ ജനതയുടെ ഹൃദയം കവർന്ന തനിക്ക് ആജീവനാന്തം പാക്കിസ്ഥാന്റെ പ്രസിഡന്റും പ്രധാനമന്ത്രിയുമാകാമെന്ന് അദ്ദേഹം വ്യാമോഹിച്ചു. എന്നാൽ, അദ്ദേഹത്തിന്റെ ഈ സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടില്ല. ഇപ്പോഴിതാ സിയാഉൽഹഖ് തനിക്ക് മിർസായികളുമായി ഒരു ബന്ധവുമില്ലെന്ന് പെരുമ്പറയടിക്കുന്നു. എന്നാൽ, ഭൂതകാലത്തെ മുന്നിൽവച്ചു



നോക്കുമ്പോൾ ഹൃദയം വിറകൊള്ളുകയാണ്. കാരണം ഖാദിയാനി പ്രശ്നമെടുത്ത് വിളമ്പിക്കൊണ്ടിരുന്ന ഭരണാധികാരികളെല്ലാംതന്നെ ഭരണകൂടത്തിൽനിന്ന് നിന്ദാപൂർവ്വം ബഹിഷ്കൃതരാകുന്നതായിട്ടാണ് കാണുവാൻ സാധിച്ചത്! ഇതൊക്കെ എങ്ങനെ സംഭവിക്കുന്നു? തിരശ്ശീലക്ക് പിന്നിൽ ഏതൊരദൃശ്യശക്തിയാണ് പ്രവർത്തിക്കുന്നതെന്ന കാര്യത്തെക്കുറിച്ച് മുസ്‌ലിം സമുദായവും ചിന്തിക്കേണ്ടിയിരിക്കുന്നു. (നവായെ വഖ്ത്ത്, ലാഹോർ, 13.12.1983).

അദൃശ്യകോണുകളിൽനിന്നുള്ള ഈ ഭയാശങ്ക നൂറുശതമാനം സത്യമായിട്ട് പുലർന്നതായി പിന്നീടുള്ള സംഭവവികാസങ്ങൾ തെളിയിക്കുന്നു. ഖാദിയാനിയ്യത്ത് ഒരു ക്യാൻസറാണെന്നും അതിനെ നശിപ്പിക്കാതെ താൻ അടങ്ങുകയില്ലെന്നും അതിന്നായി തന്റെ എല്ലാ ശക്തികളും ഭരണതന്ത്രങ്ങളും പ്രയോഗിക്കുന്നതാണെന്നും അഭിനവ ഫിർഔൻ ആയിരുന്ന ജനറൽ സിയാഉൽഹഖ് ആക്രോശിച്ചു.

തന്റെ വീരവാദത്തെ പ്രാവർത്തികമാക്കുന്നതിന്റെ മുന്നോടിയായി സിയാഉൽഹഖ് 1984 ഏപ്രിൽ 26-ാം തിയതി അഹ്മദിയ്യാ ജമാഅത്തിന്നെതിരെ ഒരു കരിനിയമം പാസ്സാക്കി. മനുഷ്യാവകാശധ്വംസനഹേതുവും കിരാതവുമായ ഈ നിയമമനുസരിച്ച് ഒരഹ്മദി പരിശുദ്ധ കലിമ ***ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി*** എന്നുച്ചരിച്ചാൽ, നമസ്കാരമനുഷ്ഠിക്കുന്നത് കണ്ടാൽ, പരസ്പരം അസ്സലാമു അലയ്ക്കും പറഞ്ഞാൽ, ഇതേപ്രകാരം ഏതെങ്കിലും ഇസ്‌ലാമിക ചിഹ്നം ഉപയോഗിച്ചാൽ അയാൾക്ക് മൂന്നുവർഷം തടവുശിക്ഷയും പിഴയും നല്കപ്പെടുന്നതാണ്.

സത്യനിഷേധിയും സർവ്വാധികാരിയുമായ ഈ അഭിനവ ഫിർഔൻ പാക്കിസ്ഥാനിൽ അഹ്മദികളെ ഇസ്‌ലാമികാചാരാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിൽനിന്ന് തടഞ്ഞുവെന്നു മാത്രമല്ല അവർക്ക് തങ്ങളുടെ പള്ളികളിൽ ഉച്ചഭാഷിണിയിലൂടെ ബാങ്കു കൊടുക്കുവാനുള്ള സ്വാതന്ത്ര്യവും നിഷേധിച്ചു.

ജനറൽ സിയാഉൽഹഖ് തന്റെ അനിസ്ലാമികവും കിരാതവുമായ ഓർഡിനൻസ് നടപ്പാക്കിക്കൊണ്ട് പാക്കിസ്ഥാനിലങ്ങോളമിങ്ങോളമുള്ള അഹ്മദികൾക്കെതിരിൽ ബീഭത്സമായ മർദ്ദനമുറകൾ അഴിച്ചുവിട്ടു. അവരുടെ സ്വത്തുക്കൾ നശിപ്പിക്കുവാൻ തുടങ്ങി. പല പള്ളികളും ശഹീദാക്കി. അഹ്മദിയ്യാ മസ്ജിദിന്റെ തിരുനെറ്റിയിൽ എഴുതുകയോ കൊത്തിവെക്കുകയോ ചെയ്ത കലിമത്വയ്യിബ താറടിച്ചു മായിച്ചുകളഞ്ഞു. കലിമയുടെ ബാഡ്ജ് ധരിച്ചിരുന്ന അഹ്മദികളെ കണ്ടമാനം ചതച്ചരക്കുകയും അറസ്റ്റുചെയ്ത് തടവിലിടുകയും ചെയ്തു. ഈ മർദ്ദനമുറകൾ അസഹ്യമാംവണ്ണം പെരുകിക്കൊണ്ടിരുന്നപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ്(റഹ്) സിയാഉൽഹഖിനേയും കൊടുംകള്ളം പറയുന്നവരും, സത്യനിഷേധികളുമായ ഉലമാക്കളേയും മുബാഹലയ്ക്ക് ക്ഷണിച്ചു. അഹ്മദിയ്യാ ജമാഅത്തിനെ വ്യാജപ്പെടുത്തുവാനും നശിപ്പിക്കുവാനും കച്ചകെട്ടിയിറങ്ങിയവർക്കെതിരെ ഹദ്റത്ത് ഖലീഫാ തിരുമനസ്സ് 1988 ജൂൺ 10-ാം തിയതി പ്രാർത്ഥനാ സമരം ആഹ്വാനം ചെയ്തു. അഹ്മദികളുടെ വിശ്വാസാചാരങ്ങൾക്കെതിരെ അവരുടെമേൽ ആരോപിക്കപ്പെട്ട എല്ലാ വ്യാജാരോപണങ്ങളേയും നിഷേധിച്ചുകൊണ്ടുള്ള ആഹ്വാനമായിരുന്നു അത്. ഹുസൂർ തിരുമനസ്സ് തന്റെ സുദീർഘമായ ഖുത്ബാ പ്രഭാഷണത്തിന്റെ അവസാനത്തിൽ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റേയും തന്റെ ജമാഅത്തിന്റേയും വിശ്വാസാദാർശങ്ങളെക്കുറിച്ച് ചെയ്ത പ്രസ്താവന ഇപ്രകാരം ഉദ്ധരിക്കുന്നു.

"അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ലെന്നും സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനി അവന്റെ റസൂലും ഖാതമുന്നബിയ്യീനുമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. മലക്കുകൾ മരണാനന്തരജീവിതം വിധിനാൾ സ്വർഗ്ഗനരകങ്ങൾ ഇവയെല്ലാം സത്യമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞിട്ടുള്ളതും നമ്മുടെ നബിനായകർ(സ) അരുളിയിട്ടുള്ളതുമെല്ലാം അടിമുടി സത്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇസ്ലാമിക ശരീഅത്തിൽ അണുഅളവ് കുറക്കുന്നവനും കൂട്ടുന്നവനും നിർബ്ബന്ധകാര്യങ്ങൾ ഉപേക്ഷിക്കുന്നവനും എന്തും ചെയ്യാനുള്ള പ്രവണതക്ക് അടിസ്ഥാനമിടുന്നവനും ഈമാനില്ലാത്തവനും ഇസ്ലാമികവൃത്തത്തിൽനിന്ന് പുറന്തള്ളപ്പെട്ടവനുമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നാം നമ്മുടെ ജമാഅത്തിനെ ഉപദേശിക്കുന്നു. അവർ സത്യഹൃദയത്തോടുകൂടി ***ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി*** എന്ന പരിശുദ്ധ കലിമയിൽ വിശ്വാസംകൊള്ളുകയും മരണംവരെ ആ വിശ്വാസത്തിൽ ഉറച്ചുനില്ക്കുകയും വിശുദ്ധഖുർആൻ അനുസരിച്ച് സത്യവാന്മാരായ എല്ലാ നബിമാരിലും എല്ലാ ദൈവികഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും നോമ്പ്, നമസ്കാരം, സക്കാത്ത്, ഹജ്ജ് തുടങ്ങിയ അല്ലാഹുവും അവന്റെ റസൂലും നിർബ്ബന്ധമാക്കിയിട്ടുള്ള എല്ലാ നിർബ്ബന്ധകാര്യങ്ങളും (ഫർദ്) നിർബ്ബന്ധകാര്യങ്ങളാണെന്ന ദൃഢവിശ്വാസത്തോടെ അനുഷ്ഠിക്കുകയും നിരോധിക്കപ്പെട്ട കാര്യങ്ങളിൽ നിന്നെല്ലാം നിരുദ്ധ കാര്യങ്ങളാണെന്ന ദൃഢവിശ്വാസത്തോടുകൂടി ഒഴിഞ്ഞുമാറുകയും ചെയ്തുകൊണ്ട് കണിശമായും ഇസ്ലാമികാധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

ചുരുക്കത്തിൽ സലഫുസ്സാലിഹീങ്ങൾ ഏകാഭിപ്രായത്തോടുകൂടി സ്ഥിരീകരിച്ചിട്ടുള്ള വിശ്വാസപരവും പ്രവൃത്തിപരവുമായ എല്ലാ കാര്യങ്ങളിലും അഹ്ലുസ്സുന്നത്തിന്റെ ഇജ്മാഅ് പ്രകാരം ആധികാരികമെന്ന് സ്ഥാപിതമായതും ഇസ്ലാം എന്ന് അറിയപ്പെടുന്നതുമായ എല്ലാ കാര്യങ്ങളിലും വിശ്വസിക്കൽ നിർബ്ബന്ധമാകുന്നു.

ആകാശഭൂമികളെ സാക്ഷിനിറുത്തിക്കൊണ്ട് ഞങ്ങൾ പ്രഖ്യാപിക്കുന്നു, ഇതുതന്നെയാണ് ഞങ്ങളുടെ മതവിശ്വാസം." (അയ്യാമെ സുൽഹ് റൂഹാനിഖസായിൻ, വാല്യം 14, പേജ്-323)

ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസവും മതവും. ഇതുതന്നെയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യസ്ഥാപക

രുടെ യഥാർത്ഥമായിട്ടുള്ള സ്ഥാനവും. ഇതല്ലാത്ത ഒരു വിശ്വാസത്തേയും മതത്തേയും അഹ്മദിയ്യത്തുമായി ബന്ധിപ്പിച്ചു പറയുവാൻ ധാർഷ്ട്യം കാണിക്കുന്നവൻ തികഞ്ഞ അക്രമിയും കറ്റുകെട്ടുകരനുമത്രെ. മുകളിൽ കൊടുത്തിട്ടുള്ള ഉദ്ധരണി വായിച്ചതിനുശേഷവും ശത്രുതയിൽ ഉറച്ചുനില്ക്കുകയും ജമാഅത്തിന്നെതിരിൽ കളവ് പറയുന്നതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്നവൻ അവൻ പാക്കിസ്ഥാൻ ഭരണകൂടവുമായി ബന്ധപ്പെട്ടവനായാലും മറ്റേത് ഭരണത്തിലായാലും റാബിത്തത്തുൽ ആലമിൻ ഇസ്‌ലാമിയുമായി ബന്ധപ്പെട്ടവനായാലും ഉലമാക്കളിൽ ഏത് കക്ഷിയിൽപെട്ടവനായാലും രാഷ്ട്രീയക്കാരനായാലും അല്ലെങ്കിലും ഏതുവിഭാഗത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നവനായാലും എന്റെ ഈ മുബാഹലാഹ്വാനം സ്വീകരിച്ചുകൊണ്ട് താഴെപ്പറയുന്ന പ്രാർത്ഥനയിൽ എന്റെ കൂടെ പങ്കുചേരട്ടെ. തന്റെ ഭാര്യാമക്കളേയും പുരുഷന്മാരേയും സ്ത്രീകളേയും തന്നോട നുഭാവം പുലർത്തുന്ന എല്ലാ പിന്തുടർച്ചക്കാരേയും എല്ലാവരേയും തന്റെ കൂടെ ഉൾപ്പെടുത്തി എതിർകക്ഷിയായി ഈ മുബാഹലാ ആഹ്വാനത്തിൽ ഒപ്പിടുകയും അത് പൊതുജനസമക്ഷം വിളംബരപ്പെടുത്തുകയും പിന്നീട് സാധ്യമായ എല്ലാ മാർഗ്ഗത്തിലും ഈ വിവരം പ്രചരിപ്പിക്കുകയും ചെയ്യട്ടെ.

ഓ, സർവ്വശക്തനായുള്ളവനേ! രഹസ്യജ്ഞനും സർവ്വസാക്ഷിയുമായിട്ടുള്ള തമ്പുരാനേ നിന്റെ ശക്തിപ്രഭാവത്തിലും ഔന്നത്യത്തിലും നിന്റെ മഹിമയിലും ആണയിട്ടുകൊണ്ടും നിന്റെ അന്തസ്സും മാനവും ഉയർത്തിപ്പിടിച്ചുകൊണ്ടും നിന്നോടിതാ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾ രണ്ട് കക്ഷികളിൽ ആരാണ് മേൽ അവകാശവാദങ്ങളിൽ സത്യവാന്മാർ, അവരിൽ നീ ഇരുലോകത്തേയും അനുഗ്രഹങ്ങൾ ചൊരിയേണമേ. അവരുടെ എല്ലാവിധ കഷ്ടപ്പാടുകളേയും നീ ദൂരീകരിച്ചുകൊണ്ട് അവരുടെ സത്യത്തെ ലോകത്ത് പ്രകാശിപ്പിക്കേണമേ. അവർക്ക് നീ അനുഗ്രങ്ങൾക്കുമേൽ അനുഗ്രഹങ്ങൾ വർഷിക്കുകയും അവരുടെ സമൂഹത്തിൽനിന്ന് എല്ലാവിധ ദോഷബാധകളേയും എല്ലാ വിഷമങ്ങളേയും അകറ്റുകയും ചെയ്യേണമേ. അവരുമായി



ബന്ധപ്പെട്ട ചെറിയവരേയും വലിയവരേയും പുരുഷന്മാരേയും സ്ത്രീകളേയും സന്മാർഗ്ഗത്തിൽ ചരിക്കുന്നവരും പരിശുദ്ധരും യഥാർത്ഥ ഭയഭക്തിയുള്ളവരും ആക്കേണമേ! നാൾക്കുനാൾ അവർ മുഖേന നിന്റെ സാമീപ്യത്തിന്റേയും സ്നേഹത്തിന്റേയും അടയാളങ്ങൾ അവരിൽ പൂർവ്വാധികം പ്രകടമാക്കേണമേ! അങ്ങനെ നീ അവരുടെകൂടെയാണെന്നും അവരെ സഹായിച്ചുകൊണ്ട് അവരുടെ പിന്തുണക്കും രക്ഷയ്ക്കുമായി നിലകൊള്ളുന്നുവെന്നും ലോകം നല്ലവണ്ണം മനസ്സിലാക്കുമാറാകട്ടെ. അവരുടെ സ്വഭാവഗുണങ്ങളും ഇരുത്തവും നടത്തവും ജീവിതരീതിയുമെല്ലാം ഇത് അല്ലാഹുവിന്റെ ജമാഅത്താണെന്നും ദൈവശത്രുക്കളുടേയും ശയ്ത്വാന്മാരുടേയും ജമാഅത്തല്ലെന്നും നല്ലവണ്ണം വെളിപ്പെടുമാറാകുകയും ചെയ്യട്ടെ.

അല്ലാഹുവേ! ഞങ്ങളിൽ ഏതൊരു കക്ഷിയാണോ കളവും കറ്റുകെട്ടുകളും കൊണ്ട് നടക്കുന്നത് അവരുടെമേൽ നീ ഒരു വർഷത്തിനുള്ളിൽ നിന്റെ കോപം ഇറക്കിക്കൊണ്ട് അവരെ നിന്ദ്യരും നികൃഷ്ടരുമാക്കി നശിപ്പിക്കുകയും നിന്റെ ശക്തമായ ശിക്ഷ അവരിൽ ഇറക്കുകയും ചെയ്യുമാറാകേണമേ. നിന്റെ ശിക്ഷയാകുന്ന ചക്കിലിട്ട് അവരെ ധൂളീകരിച്ചുകളയേണമേ. ആപത്തുകളിന്മേൽ ആപത്തുകളും കഷ്ടപ്പാടുകൾക്കുമേൽ കഷ്ടപ്പാടുകളും അവരുടെമേൽ ഇറക്കേണമേ! ഈ ആപത്തുകൾക്ക് പിന്നിൽ ഒരു മനുഷ്യന്റേയും കൈകളില്ലെന്നും നിന്റെ അഭിമാന വിജ്രംഭണവും ശക്തിപ്രകടനവും സ്വയംതന്നെ ഈ അത്ഭുതവേലകൾ വെളിപ്പെടുത്തുകയാണെന്നും ലോകർക്ക് നല്ലവണ്ണം നോക്കിക്കാണാറാകുംവിധം അത് സംഭവിക്കേണമേ! മുബാഹലയിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു കക്ഷിയുടേയും കൈകടത്തിലില്ലാത്ത രൂപത്തിൽ നീ കള്ളവാദിയെ ശിക്ഷിക്കേണമേ! ആ ശിക്ഷ നിന്റെ കോപത്തിന്റേയും അമർഷത്തിന്റേയും തുറന്നപ്രകടനമായിരിക്കേണമേ! അങ്ങനെ സത്യവാന്മാരും കപടന്മാരും തമ്മിൽ വ്യക്തമായി വേർതിരിച്ചറിയപ്പെടുമാറാകയും ദ്രോഹിയുടേയും ദ്രോഹിതന്റേയും വഴികൾ വേർപ്പെടുത്തിക്കാണിക്കുകയും ചെയ്യേണമേ! ഹൃദയത്തിൽ ഭയഭക്തിയുടെ ബീജം

ഉൾക്കൊള്ളുന്നവനും സത്യത്തെ ഹൃദയപൂർവ്വം അന്വേഷിക്കുന്നവനും ആരോ അവർക്ക് ഇക്കാര്യത്തിൽ സംശയം അവശേഷിക്കാത്തവിധം സത്യം ആരുടെ ഭാഗത്താണെന്നും 'ഹഖ്' ഏതുപക്ഷത്താണെന്നും തുറന്നനിലയിൽ പ്രത്യക്ഷപ്പെടുമാറാകേണമേ!

എന്ന്,

| ഒന്നാം കക്ഷി | രണ്ടാം കക്ഷി |
|---|---|
| (ലോകത്തുള്ള എല്ലാ അഹ്മദി പുരുഷന്മാരേയുംസ്ത്രീകളേയും ചെറിയവരേയും വലിയവരേയും പ്രതിനിധാനം ചെയ്തുകൊണ്ട് ഇമാം)<br>(ഒപ്പ്) മിർസാ ത്വാഹിർ അഹ്മദ് ഇബ്നു മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ലോകഅഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം<br>1988 ജൂൺ 10 വിശുദ്ധവെള്ളിയാഴ്ച | പൂർണ്ണഹൃദയത്തോടും ഉത്തരവാദിത്വത്തോടും ശിക്ഷയെക്കുറിച്ചുള്ള പൂർണ്ണ അറിവോടുംകൂടി ഈ മുബാഹലയിൽ രണ്ടാം കക്ഷിയായിരിക്കുവാൻ സമ്മതിക്കുന്ന അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നിഷേധികളും അതിനെ കള്ളമാക്കുന്നവരുമായ എല്ലാവരും.<br>(ഒപ്പ്)? |

എന്നാൽ, അഹ്മദിയ്യത്തിന്റെ സത്യാസത്യം തിരിച്ചറിയുവാനുള്ള ദൈവികതീരുമാനത്തിനുള്ള ഈ മുബാഹലാഹ്വാനത്തെ സിയാവുൽഹഖോ അയാളുടെ സിൽബന്ധികളോ ചുരുക്കത്തിൽ ഒരു പണ്ഡിതനും സ്വീകരിക്കാതെ പല ഒഴികഴിവുകളും നിബന്ധനകളും വെച്ച് തിരസ്കരിക്കുകയും അങ്ങനെ ദൈവികമായ ഒരു സന്ദർഭത്തെ സത്യനിഷേധികൾ കൈവിടുകയുമാണുണ്ടായത്. എന്നുമാത്രമല്ല, പൂർവ്വാധികം കർശനമായ നിലയിൽ അഹ്മദിയ്യാ ജമാഅത്തിന്നെതിരെ സിയാവുൽഹഖ് മർദ്ദനമുറകൾ അഴിച്ചുവിട്ടു.

അതോടെ അയാളുടെ നാശത്തിന്റെ മുഹൂർത്തവും വന്നടുത്തു. ആ അഭിനവ ഫിർഔന്നെതിരെ മലക്കുകളുടെ ഊരിയ



വാളുകൾ ആകാശത്തിലായിരം പ്രഭകളോടെ മിന്നിത്തിളങ്ങി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ 1988 ആഗസ്ത് 12-ാം തിയതി ചെയ്ത ജുമുഅ ഖുത്ബയിൽ ഒരു പ്രവചനമെന്നോണം ഇപ്രകാരം അരുൾ ചെയ്തു.

"ഈ മനുഷ്യൻ അല്ലാഹുവിന്റെ പിടിയിൽനിന്നും ശിക്ഷയിൽനിന്നും രക്ഷപ്പെടാൻ പോകുന്നില്ല. ഇയാൾക്ക് ലഭിക്കുവാൻ പോകുന്ന ദൈവികശിക്ഷയിൽനിന്ന് ലോകത്തുള്ള ഒരു ശക്തിക്കും ഇയാളെ രക്ഷപ്പെടുത്തുവാനാവുകയുമില്ല. ഇയാളുടെ നാമവും അടയാളവുംപോലും വിസ്മൃതമായിപ്പോകുന്നതാണ്. ജമാഅത്തിന് ഒരു യജമാനനുണ്ട്. ആ യജമാനൻ ആകാശഭൂമികളുടെ യജമാനനാണ്. ആ യജമാനൻ ഞങ്ങളെ സഹായിക്കാനെത്തുമ്പോൾ നിങ്ങളെ സഹായിക്കാൻ ലോകത്തുള്ള ആരെക്കൊണ്ടും സാധിക്കുന്നതല്ലെന്ന് അല്ലാഹുവിന്റെ പേരിൽ ആണയിട്ട് ഞാൻ പറയുന്നു. അല്ലാഹുവിന്റെ വിധി നിങ്ങളെ ധൂളീകരിച്ചുകളയുമ്പോൾ നിങ്ങളുടെ നാമവും അടയാളവും പോലും അവശേഷിക്കുന്നതല്ല. നിങ്ങളെ ലോകം എപ്പോഴും അപമാനത്തോടും അവഹേളനത്തോടും കൂടിയായിരിക്കും ഓർമ്മിക്കുക."

ഈ പ്രവചനം വെറും അഞ്ചുദിവസങ്ങൾക്കുശേഷം ശോഭയോടെ പുലർന്നത് ലോകം കണ്ടു. ആഗസ്ത് 17-ാം തിയതി ജനറൽ സിയാവുൽഹഖ് തന്റെ 28 ജനറൽമാരോടുകൂടി ആകാശക്കോട്ടയെന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന വിമാനത്തിൽ കയറി ഏതാനും നിമിഷങ്ങൾക്കകം ആകാശത്ത് പൊട്ടിത്തെറിച്ചു ഛിന്നഭിന്നമായിത്തീർന്നു. അങ്ങനെ അയാളും പട്ടാളനായകന്മാരും ആകാശത്തിന്റെ ശൂന്യതയിൽ ധൂളികളായിപ്പറന്നു. അയാളുടെ സ്മാരകാവശിഷ്ടംകൂടി ഭൂമിയിൽ ബാക്കിയായില്ല. ഭാഗൽപൂരിലെ കാടുകളിൽ ചാമ്പൽകണങ്ങൾ ചിതറിവീണു. ഇതെങ്ങനെ സംഭവിച്ചുവെന്ന് ലോകം ഇന്നും അമ്പരക്കുകയാണ്.

ഇന്ത്യയിലെ സുപ്രസിദ്ധ കോളമിസ്റ്റ് യമുനാദാസ് പഞ്ചാബിൽനിന്നും പുറപ്പെടുന്ന ഹിന്ദ് സമാചാർ എന്ന പത്രത്തിൽ

ഇപ്രകാരം എഴുതി:–

"ലോകത്ത് ഏറ്റവും സുരക്ഷിതമെന്ന് കരുതപ്പെട്ടിരുന്ന അമേരിക്കൻ വിമാനമാണ് നശിക്കുകയുണ്ടായത്. ഇതുപോലുള്ള ഒരു വിമാനത്തിനും ഇതിനുമുമ്പ് ഒരിക്കലും ഇത്തരത്തിലുള്ള അപകടം ഉണ്ടായിട്ടില്ല. നാല് എഞ്ചിനുകൾ ഘടിപ്പിച്ചിട്ടുള്ള ഈ സുരക്ഷിതവിമാനം പറന്നുയർന്ന് നാലുമിനുട്ടിനകം പൊട്ടിത്തെറിച്ചു അഗ്നിഗോളമായി പരിണമിക്കുക എന്നത് ഒരു അത്ഭുത സംഭവം തന്നെയാണ്. വിമാനത്തിലുള്ള യാത്രികരെല്ലാം കത്തിച്ചാമ്പലായിത്തീർന്നതുകൊണ്ട് ആരേയും തിരിച്ചറിയുവാൻ സാധിച്ചില്ല എന്ന് വിശ്വാസയോഗ്യമായിട്ടറിയുവാൻ സാധിച്ചു. തന്റെ കണ്ണുകൾ മരണശേഷം ദാനം ചെയ്യണമെന്ന് ജനറൽസിയാവുൽഹഖ് വസിയത്ത് ചെയ്തിരുന്നു. എന്നാൽ, ആ കണ്ണുകൾ കരിഞ്ഞുപോയതുകൊണ്ട് അദ്ദേഹത്തിന്റെ ഈ ആഗ്രഹം പൂർത്തിയായില്ല. തുടർന്ന് പത്രം എഴുതുന്നു.

"മുസ്ലിം ആചാരമനുസരിച്ച് മയ്യിത്ത് മറയടക്കം ചെയ്യുന്നതിനു മുമ്പേ ബന്ധുക്കളെ ഒരുനോക്ക് കാണിക്കുക പതിവുണ്ട്. എന്നാൽ, സിയാവുൽഹഖിന്റെ ശവപ്പെട്ടി ഈ സമ്പ്രദായമനുസരിച്ച് ദർശനത്തിന്നായി തുറക്കുകയുണ്ടായില്ല. ശവപ്പെട്ടിയോടുകൂടി ഖബ്റിൽ ഇറക്കുകയാണുണ്ടായത്. ഇതിന്റെ അർത്ഥം ശവം ഛിന്നഭിന്നമാവുകയും കത്തിക്കരിയുകയും ചെയ്തിരുന്നുവെന്നാണ്. ഇതിൽനിന്ന് മനുഷ്യരേയും യന്ത്രങ്ങളേയും തുണ്ടം തുണ്ടമാക്കിത്തീർക്കുമാറ് അത്രയേറെ ശക്തമായ സ്ഫോടനമായിരുന്നു നടന്നതെന്ന് തെളിയുന്നു" (ഹിന്ദു സമാചാർ, 8.8.1988).

ഈ സംഭവം അഹ്മദിയ്യാ ഖിലാഫത്തിനു പിന്നിൽ സുശക്തമായ ദൈവികഹസ്തം പ്രവർത്തിക്കുന്നുവെന്നതിന്നുള്ള സജീവദൃഷ്ടാന്തമാണ്. കൂടാതെ ഖിലാഫത്തുമായി ബന്ധപ്പെട്ടവരെ എല്ലാ ഭയാശങ്കകളിൽനിന്ന് രക്ഷപ്പെടുത്തി അവർക്ക് സമാധാനം നല്കുന്നതാണെന്ന ദൈവികവാഗ്ദാനവും ഇവിടെ പുലർന്നതായി കാണുവാൻ സാധിക്കുന്നു.



സത്യനിഷേധിയും സർവ്വാധികാരിയുമായ ഈ അഭിനവ ഫിർഔൻ പാക്കിസ്ഥാനിൽ അഹ്മദികളെ ഇസ്ലാമികാചാരാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതിൽനിന്നും തടഞ്ഞുവെച്ചിരുന്നുവെന്നു മാത്രമല്ല, അവർക്ക് തങ്ങളുടെ പള്ളികളിൽ ഉച്ചഭാഷിണിയിലൂടെ ബാങ്ക് കൊടുക്കുവാനുള്ള സ്വാതന്ത്ര്യംകൂടി നിഷേധിക്കുകയുണ്ടായി.

തദവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ തന്റെ ഒരു പ്രഭാഷണത്തിൽ പാക്കിസ്ഥാനിലെ ഭരണകൂടത്തേയും മൗലവിമാരേയും ഇപ്രകാരം താക്കീത് ചെയ്തു.

''പാക്കിസ്ഥാനിലെ മൗലവിമാരേ! നിങ്ങൾ അഹ്മദിയ്യത്തിന്റെ മുന്നേറ്റത്തിന് തടസ്സങ്ങളുണ്ടാക്കരുത്. അത് നിങ്ങൾക്ക് തിരിച്ചടിയായിത്തീരും. നിങ്ങൾ ഒരു വഴിയടച്ചാൽ അല്ലാഹു ഡസൻകണക്കിലുള്ള മറ്റു വഴികൾ തുറന്നുതരുന്നതാണ്. നിങ്ങൾ ഭൗതികമായ വഴികൾ അടച്ചാൽ ലോകത്തുള്ള ഒരു ശക്തിക്കും തടസ്സപ്പെടുത്തുവാൻ സാധിക്കാത്തരീതിയിൽ ദൈവികാനുഗ്രഹങ്ങൾ ആകാശത്തുനിന്ന് വർഷിച്ചുകൊണ്ടിരിക്കുന്നതാണ്."

പാക്കിസ്ഥാനിൽ ഖലീഫയുടെ ശബ്ദം അടിച്ചൊതുക്കാൻ ശ്രമിച്ചപ്പോൾ ആ ശബ്ദം ഭൂമി മുഴുവൻ കമ്പനം ചെയ്യപ്പെടുന്ന ശബ്ദവീചികളുടെ സചിത്രതരംഗങ്ങളായി പരിണമിച്ചു. ഇസ്ലാമിക പ്രചാരണത്തിന്നുവേണ്ടി ഖലീഫത്തുൽ മസീഹിന്റെ ചിത്രവും ശബ്ദവും സംപ്രേഷണം ചെയ്യപ്പെടുന്ന മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്തിന്റെ നിദർശനമല്ലാതെ മറ്റെന്താണ്? ഒരു നാവിന്റെ ശബ്ദം അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ ആയിരം നാവുകൾ തുറക്കപ്പെടുന്നു. അതത്രെ ഖിലാഫത്തിന്റെ അനുഗ്രഹം.

അങ്ങനെ ഖിലാഫത്തിന്റെ മഹത്തായ രണ്ടനുഗ്രഹങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ പരിപൂർണ്ണമായ രീതിയിൽ പൂർത്തിയായതായി അതിന്റെ ചരിത്രം ഉദ്ഘോഷിക്കുന്നു.

പ്രസ്തുത ഖിലാഫത്ത് എന്ന ദ്വിതീയ ശക്തിപ്രഭാവത്തിന്റെ പുലർച്ച 1908 മെയ് 27–ാം തിയതിയുണ്ടായി. 2008 മെയ് 27–ാം തിയതി ഈ അമൂല്യാനുഗ്രഹം പുലർന്ന് നൂറുവർഷങ്ങൾ തികയുകയാണ്. ഈ മഹത്തായ ദൈവികാനുഗ്രഹാശിസ്സുകൾ ആഗോളാടിസ്ഥാനത്തിൽ അഹ്മദികൾ ആസ്വദിച്ചുവരികയാണ്. ഇതിനുള്ള കൃതജ്ഞതാ പ്രകടനമെന്നോണം 2008–ൽ ആഗോളതലത്തിൽ അഹ്മദിയ്യാ ഖിലാഫത്തിന്റെ ശതാബ്ദി ജൂബിലി കൊണ്ടാടുവാൻ നിർദ്ദേശിക്കപ്പെടുകയും അതിന്നായി വിപുലമായ ഒരു പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിരിക്കുന്നു.

ഈ പദ്ധതിക്ക് മഹത്തായ രണ്ട് ഉദ്ദേശ്യലക്ഷ്യങ്ങളാണുള്ളത്. ഒന്ന്, ദൈവികമായ ഈ അമൂല്യാനുഗ്രഹം അതായത് ഖിലാഫത്ത് കാരണം, അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൃതജ്ഞത പ്രകടിപ്പിക്കുക. രണ്ട്: ഖിലാഫത്തിന്റെ ആവശ്യകത, അതിന്റെ പ്രാധാന്യം അതിന്റെ അനുഗ്രഹം എന്നിവയെക്കുറിച്ച് ലോകരെ ഉദ്ബോധിപ്പിക്കുക. പ്രത്യേകിച്ച് ജമാഅത്തിലെ ഭാവിതലമുറക്ക് ഇവയെക്കുറിച്ചുള്ള ബോധവല്ക്കരണം നടത്തുകയും അവരിൽ ഖിലാഫത്തുമായുള്ള യഥാർത്ഥ ബന്ധം ഊട്ടിയുറപ്പിക്കുകയും ചെയ്യുക.

ഈ മഹത്തായ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുവാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് താഴെപ്പറയുന്ന പദ്ധതിക്ക് അനുവാദം നല്കിയിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് 2005 മെയ് 27–ാം തിയതി അടുത്ത മൂന്നുവർഷങ്ങളിൽ ചെയ്യേണ്ടുന്ന പ്രാർത്ഥനകളേയും ആരാധനാനുഷ്ഠാനങ്ങളേയും കുറിച്ച് നിർദ്ദേശിക്കുകയുണ്ടായി:–

(1) ഓരോ മാസവും അവസാനത്തെ ആഴ്ചയിൽ ഏതെങ്കിലും ഒരു ദിവസം നഫ്ൽ (ഐച്ഛികമായ) നോമ്പനുഷ്ഠിക്കുക.

(2) ദിവസവും ഇശാനമസ്കാരത്തിനുശേഷം ഫജ്റിനു മുമ്പേ അല്ലെങ്കിൽ ളുഹ്ർ നമസ്കാരത്തിനുശേഷം രണ്ട് റക്അത്ത് നഫ്ൽ നമസ്കരിക്കുക.



(3) ദിവസവും ഏഴുപ്രാവശ്യം അർത്ഥമറിഞ്ഞുകൊണ്ട് സൂറഃഫാത്തിഹ ഓതുക.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۔اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ الرَّحْمٰنِ الرَّحِيْمِ مٰالِكِ يَوْمِ الدِّيْنِ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔ (آمين)۔(1:1-7)

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. എല്ലാ സ്തുതിയും സർവ്വലോകപരിപാലകനായ അല്ലാഹുവിനാകുന്നു. പരമകാരുണികൻ, കരുണാമയൻ, പ്രതിഫലം നൽകപ്പെടുന്ന നാളിന്റെ ഉടമസ്ഥൻ. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം ഞങ്ങൾ സഹായമർത്ഥിക്കുകയും ചെയ്യുന്നു. നീ ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ, കോപത്തിന് പാത്രമായവരുടേയോ വഴിപിഴച്ചവരുടേയോ മാർഗ്ഗത്തിലല്ല. (നിത്യവും 7 പ്രാവശ്യം)

(4) ദിവസവും കുറഞ്ഞത് പതിനൊന്നു പ്രാവശ്യം താഴെപ്പറയുന്ന ദുആ ഓതുക.

رَبَّنَا اَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ اَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِيْنَ۔(2:251)

***റബ്ബനാ അഫ്രിഗ് അലയ്നാ സബ്റൻ വഥബ്ബിത്ത് അഖ്ദാമനാ വൻസ്വുർനാ അലൽഖൗമിൽ കാഫിരീൻ.***

ഞങ്ങളുടെ നാഥാ! നീ ഞങ്ങൾക്ക് സഹനശക്തി ചൊരിഞ്ഞുതരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തുകയും

അവിശ്വാസികൾക്കെതിരെ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.

(5) ദിവസവും കുറഞ്ഞത് മുപ്പത്തിമൂന്നു പ്രാവശ്യം താഴെ പ്പറയുന്ന ദുആ ചെയ്യുക.

رَبَّنَا لَا تُزِغْ قُلُوْبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا
مِنْ لَّدُنْكَ رَحْمَةً ج إِنَّكَ أَنْتَ الْوَهَّابُ.(3:9)

***റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ് ഹദൈത്തനാ വ ഹബ്ലനാ മിൻലദുൻക്ക റഹ്മത്തൻ ഇന്നക്ക അൻതൽ വഹ്ഹാബ്.***

ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിൽ ആക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ. നീ ഞങ്ങൾക്ക് നിന്റെയടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗൃഹദാതാവ്.

(6) ദിവസവും കുറഞ്ഞത് 11 പ്രാവശ്യം ഇപ്രകാരം പ്രാർത്ഥിക്കുക.

اَللّٰهُمَّ إِنَّا نَجْعَلُكَ فِيْ نُحُوْرِهِمْ وَنَعُوْذُبِكَ
مِنْ شُرُوْرِهِمْ.

***അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വന ഊദുബിക്ക മിൻശുരൂരിഹിം.***

അല്ലാഹുവേ, അവരെ നേരിടാൻ ഞങ്ങൾ നിന്നെത്തന്നെ അവരുടെ നെഞ്ചകങ്ങളിലാക്കുന്നു. അവരുടെ എല്ലാ ഉപദ്രവങ്ങളിൽനിന്നും ഞങ്ങൾ നിന്നോട് രക്ഷ തേടുകയും ചെയ്യുന്നു.

(7) ദിവസവും കുറഞ്ഞത് 33 പ്രാവശ്യം ഇസ്തിഗ്ഫാർ ചെയ്യുക.



اَسْتَغْفِرُاللّٰهَ رَبِّىْ مِنْ كُلِّ ذَنْبٍ وَّ اَتُوْبُ اِلَيْهِ.

***അസ്തഗ്ഫിറുല്ലാഹ റബ്ബി മിൻകുല്ലിദൻബിൻ വഅത്തൂബു ഇലയ്ഹി.***

എന്റെ രക്ഷിതാവായ അല്ലാഹുവിനോട് ഞാൻ പൊറുക്കലിനെത്തേടുന്നു. എല്ലാ പാപങ്ങളിൽനിന്നും അവനിലേക്ക് മടങ്ങുകയും ചെയ്യുന്നു.

(8) ദിവസവും കുറഞ്ഞത് 33 പ്രാവശ്യം തസ്ബീഹ് ചെയ്യുക.

8. سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ
الْعَظِيْمِ. اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّ آلِ مُحَمَّدٍ.

***സുബ്ഹാനല്ലഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലിമുഹമ്മദിൻ.***

അല്ലാഹുവിനെ സ്തുതിക്കുന്നതിനോടൊപ്പം ഞാൻ അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. മഹോന്നതനായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ, മുഹമ്മദ്(സ) തിരുമേനിയുടേയും അദ്ദേഹത്തിന്റെ കുടുംബാദികളുടേയുംമേൽ നിന്റെ അനുഗ്രഹങ്ങൾ വർഷിക്കേണമേ.

(9) താഴെപ്പറയുന്ന സ്വലാത്ത് കുറഞ്ഞത് 33 പ്രാവശ്യം ദിവസവും ചൊല്ലുക.

9. اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى آلِ مُحَمَّدٍ كَمَا
صَلَّيْتَ عَلٰى اِبْرَاهِيْمَ وَعَلٰى آلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ.
اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰى آلِ مُحَمَّدٍ
كَمَا بَارَكْتَ عَلٰى اِبْرَاهِيْمَ وَعَلٰى آلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ

***അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാസ്വല്ലൈത്ത അലാ ഇബ്റാഹീമ വഅലാആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ് അല്ലാഹുമ്മ ബാരിക്ക് അലാമുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദു.***

അല്ലാഹുവേ മുഹമ്മദ്(സ) തിരുമേനിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ സവിശേഷ കാരുണ്യം നല്കേണമേ– ഇബ്റാഹിം നബിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ സവിശേഷ കാരുണ്യം നൽകിയതുപോലെ. തീർച്ചയായും നീ സ്തുത്യർഹനും മഹത്വമുള്ളവനുമാകുന്നു. അല്ലാഹുവേ, നീ മുഹമ്മദ്(സ) നും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും അളവറ്റ അനുഗ്രഹം നല്കേണമേ– ഇബ്റാഹിം നബിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ അളവറ്റ അനുഗ്രഹം നൽകിയതുപോലെ. നീ തീർച്ചയായും സ്തുത്യർഹനും മഹത്വമുള്ളവനുമാകുന്നു.

ഇതാണ് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ 2008 മെയ്വരെ അനുഷ്ഠിക്കണമെന്ന് നിർദ്ദേശിച്ച ആത്മീയ പരിപാടി.

മൂന്നാമത്തെ കാര്യമായി ഹുസൂർ തിരുമനസ്സ് നിർദ്ദേശിച്ചിരുന്നത് വസിയ്യത്തിന്റെ വ്യവസ്ഥിതിയിൽ അധികമധികം അഹ്മദികളെ പങ്കെടുപ്പിക്കുക എന്നതാണ്. ഇതുസംബന്ധിച്ച് ഹുസൂർ തിരുമനസ്സ് തന്റെ ആഗ്രഹം ഇപ്രകാരം പ്രകടിപ്പിക്കുന്നു.

“ഖിലാഫത്ത് സ്ഥാപിതമായി നൂറുവർഷം തികയുന്ന 2008 –ൽ ലോകത്ത് ഓരോ നാട്ടിലും ചന്ദാദായകരായ അഹ്മദികളിൽ കുറഞ്ഞത് 50% പേർ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ മഹത്തായ (വസിയ്യത്ത്) സംവിധാനത്തിൽ ചേർന്നവരായിരിക്കണം എന്നതാണെന്റെ ആഗ്രഹം. അവർ തങ്ങളുടെ ആത്മീയത വർദ്ധിപ്പിക്കുകയും ത്യാഗത്തിന്റെ ഉദാത്തമായ സ്ഥാനം കരസ്ഥമാക്കുകയും ചെയ്യേണ്ടതാണ്. ഇത് ഖിലാഫത്ത് സ്ഥാപിതമായി നൂറുവർഷം പൂർത്തിയാകുമ്പോൾ അല്ലാഹുവിനുള്ള കൃതജ്ഞതാസൂചകമായി ജമാഅത്തിന്റെ ഭാഗത്തുനിന്ന് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപ്പിക്കുന്ന ഒരു നിസ്സാരമായ കാണിക്കയായിരിക്കുന്നതാണ്.”



അല്ലാഹു എല്ലാ സഹോദരീസഹോദരന്മാർക്കും ഈ അനുഗൃഹീത സംരംഭത്തിൽ ഭാഗഭാക്കാകുവാനും അങ്ങനെ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഖിലാഫത്തിന്റെ അതിമഹത്തായ അനുഗ്രഹങ്ങൾക്ക് വളരെ എളിയ തോതിൽ നന്ദി രേഖപ്പെടുത്താനുമുള്ള സൗഭാഗ്യം തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

***വ ആഖിറുദഅ്വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ***

# നശിപ്പിക്കാൻ നോക്കേണ്ട

ഹദ്റത്ത് അഹ്മദ്(അ)

''ഞാൻ പ്രബോധിക്കുന്ന ഈ വിശ്വാസം മാത്രം ഭൂമുഖത്ത് ആദരപൂർവ്വം ആചരിക്കപ്പെടുമാറാകുന്ന ആ കാലം ഇതാ വരുന്നു; അല്ല, ആ കാലം എത്രയും സമീപസ്ഥമായിരിക്കുന്നു! അല്ലാഹു ഈ വിശ്വാസത്തേയും ഈ ജമാഅത്തിനേയും അത്ഭുതകരമായ തരത്തിൽ അനുഗൃഹീതമാക്കുകയും അതിനെ നശിപ്പിക്കാൻ ആലോചിക്കുന്നവരുടെ ഉദ്ദേശ്യം വിഫലമാക്കിത്തീർക്കുകയും ചെയ്യും. ഇതിന് ലഭ്യമാകുന്ന വിജയം ശാശ്വതമായിരിക്കുന്നതും ഇതിന് സിദ്ധിക്കുന്ന മേന്മ ലോകാവസാനം വരെ നിലനില്ക്കുന്നതുമായിരിക്കും. ഇപ്പോൾ ഞാൻ പരിഹസിക്കപ്പെടുന്നുവെങ്കിൽ അതുകൊണ്ട് യാതൊരു തരക്കേടുമില്ല. എന്തെന്നാൽ, പരിഹാസലക്ഷ്യമാകാതിരുന്ന ഒരു പ്രവാചകനും ഉണ്ടായിട്ടില്ലതന്നെ'' (തദ്ക്കിറത്തുശ്ശഹാദത്തയ്ൻ).

അഹ്മദിയ്യാ ഖിലാഫത്ത്– ഒരവലോകനം 

# ഞാൻ വിജയിക്കും

ഹദ്റത്ത് അഹ്മദ്(അ)

"സത്യത്തിന്റെ വൈരികൾക്ക് മുമ്പെപ്പോഴെങ്കിലും ഇത്തരം കുചെയ്തികളാൽ വിജയം സിദ്ധിച്ചിരുന്നുവെങ്കിൽ ഇക്കൂട്ടർക്കും വിജയികളായിത്തീരാമായിരുന്നു! എന്നാൽ, അല്ലാഹുവിന് വിരോധം പ്രവർത്തിക്കുകയും അവനിച്ഛിച്ച കാര്യത്തെ എതിർക്കുകയും ചെയ്യുന്നവർ എപ്പോഴും എളിമയും തോൽവിയുമടയുമെന്നത് സ്ഥാപിതമായ ഒരു പരമാർത്ഥം തന്നെയെങ്കിൽ, അപചയത്തിന്റേയും അപമാനത്തിന്റേയും കാലം ഇവരേയും അഭിമുഖീകരിക്കുന്നതാണ്. അല്ലാഹുവിന്റെ വചനം ഒരിക്കലും ലക്ഷ്യം പിഴച്ചുപോയിട്ടില്ല; ഒരിക്കലും പിഴച്ചുപോവുകയുമില്ല. താനും തന്റെ റസൂലും എപ്പോഴും വിജയിക്കുമെന്നും അല്ലാഹു പണ്ടേ വിധിക്കുകയും അവൻ അതൊരു നിയമമാക്കുകയും ചെയ്തിരിക്കുന്നു എന്ന് വിശുദ്ധഖുർആൻ പറയുന്നു......അതിനാൽ, ആദമിന്റെ കാലംതൊട്ട് നബിതിരുമേനിയുടെ കാലംവരെ പ്രസ്തുത നിയമം സത്യമായി പുലർന്നുവന്ന പ്രകാരംതന്നെ അത് എന്റെ കാര്യത്തിലും പൂർത്തിയാകുമെന്ന് ഞാനിതാ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു. (നുസൂലുൽ മസീഹ്)